2017
June
Vol. X. Issue 4

# Flame of Revival

POST BOX 21,
TIRUVALLA, KERALA
689103
for Private Circulation only

“സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു”.സെഖര്യാവ് 4:6



**അൻപതു വർഷംമുമ്പ് 1967 ജൂൺ 7 അന്നായിരുന്നു യെരൂശലേം പൂർണ്ണമായും യിസ്രായേലിന് സ്വന്തമായത്**

**ശബ്ബത്തുകളുടെ ശബ്ബത്ത് യെഹൂദനെ സംബന്ധിച്ച് അതിപ്രധാനമേറിയതാണ്. 1917,1967വർഷങ്ങൾ ജൂതാചരിത്രത്തിന്റെ ഏടുകളിൽ നിർണായകമായിരുന്നു... വീണ്ടുമൊരു അൻപതുവർഷം 2017 – നെ യഹൂദന്മാർ ഉറ്റുനോക്കുകയാണ്**




## യോബേൽ സംവത്സരത്തിൽ

# യെരൂശലേം

## ഇനി ലോകചരിത്രത്തിന്റെ നിർണായക നാളുകൾ

യെരുശലേം: യെരുശലേം പട്ടണം മുഴുവനായും യെഹൂദന്മാർക്കു ലഭിച്ചതിന്റെ യോബേൽ (ജൂബിലി വർഷം) സംവത്സരം ആഘോഷിക്കുകയാണ് ലോകമെങ്ങുമുള്ള ജൂതാസമൂഹം. 1967 ജൂൺ 7-നായിരുന്നു ആറുദിനയുദ്ധത്തിന്റെ (Six days war) അവസാനത്തിൽ 3000 വർഷങ്ങൾക്കുശേഷം യെരുശലേം പൂർണമായും യെഹൂദനു വീണ്ടും സ്വന്തമായത്. യിസ്രായേൽ രാഷ്ട്രം വീണ്ടും ജന്മമെടുത്ത 1948 മെയ് 14-ന് യെരുശലേമിന്റെ ഒരു ഭാഗം മാത്രമേ യിസ്രായേലിനു ലഭ്യമായിരുന്നുള്ളൂ. യെരുശലേം പട്ടണത്തിൽ ശലോമോൻ പണികഴിപ്പിച്ചിരുന്ന ദൈവാലയം സ്ഥിതിചെയ്യുന്ന ടെമ്പിൾ മൗണ്ടും പടിഞ്ഞാറേ മതിലും 1967-ലെ യുദ്ധത്തിലൂടെയായിരുന്നു യിസ്രായേലിനു സ്വന്തമായത്. യെരൂശലേമിനു മേലുണ്ടായിരുന്ന 1300 വർഷത്തെ ഇസ്ലാമിക ആധിപത്യമാണ് 1917-ലെ ബാൽഫർ പ്രഖ്യാപനത്തിൽക്കൂടി മാറ്റപ്പെട്ടത്.

ജൂബിലി ദിനമായ ജൂൺ 7-ന് യെരൂശലേമിലെ യിസ്രായേലിന്റെ നെസ്സറ്റ് മന്ദിരത്തിലും അമേരിക്കയിലെ യു.എസ് കോൺഗ്രസ്സിലും ഒരേസമയം വീഡിയോ കോൺഫറൻസിലൂടെ സുപ്രധാന സമ്മേളനം നടത്തപ്പെട്ടു. അമേരിക്കയിലെ 50 സംസ്ഥാനങ്ങളിലെ ഗവണർമാരും തത്സമയം അതാതു സ്റ്റേറ്റുകളിൽ നിന്നും ഈ കോൺഫറൻസിൽ പങ്കെടുക്കുകയും യിസ്രായേലിന് ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തു. ഇരുരാജ്യങ്ങളുടേയും സംയുക്തസമ്മേളനത്തിൽ യിസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അൻപതുവർഷങ്ങൾക്കു മുമ്പുള്ള തിക്താനുഭവങ്ങൾ വിവരിച്ചത് ഏവരെയും ഈറനണിയിച്ചു.

“യെരുശലേം ഒരിക്കലും വിഭജിക്കപ്പെടില്ല” നെതന്യാഹു തന്റെ സന്ദേശത്തിൽ എടുത്തുപറഞ്ഞു. അൻപതുവർഷം മുൻപ് താൻ ബാലനായിരുന്നപ്പോഴത്തെ സംഭവങ്ങൾ അദ്ദേഹം ഓർമിപ്പിച്ചു. “1967 ജൂൺ 5-നു പ്രഭാതത്തിൽ തെക്കൻ യെരൂശലേമിൽ ജോർദ്ദാൻ സൈന്യം ഷെൽ വർഷിപ്പിച്ചുകൊണ്ടേയിരുന്നു. ഒട്ടനവധി ഷെല്ലുകൾ യെരൂശലേമിൽ പൊട്ടിച്ചിതറി പലർക്കും ജീവാപായം ഉണ്ടായി. ഞാനൊരു ബോംബ് ഷെൽറ്ററിൽ ഒളിച്ചിരിക്കുകയായിരുന്നു. എന്നാൽ ജൂൺ 7-നു “ടെമ്പിൾ മൗണ്ട് നമ്മുടെ കൈകളിലായി” എന്ന് യിസ്രായേൽ ലഫ്റ്റനന്റ് മോർ ദേഖായി റേഡിയോയിൽ ഉറക്കെ വിളിച്ചു പറഞ്ഞു”.

“ഞാൻ ഓർക്കുന്നു ഒരു വലിയ വെള്ളപ്പൊക്കംപോലെ യെരൂശലേം പട്ടണത്തിലേക്കുള്ള വഴികളിലൂടെയെല്ലാം ജൂതർ പ്രവഹിച്ചു. ഒന്നിനു പിറകേ ഒന്നായി അവർ സഞ്ചരിച്ചു. ഞങ്ങൾ പടിഞ്ഞാറേ മതിലിങ്കൽ എത്തി. ഞങ്ങൾ മതിൽ തൊട്ടു. ഞാനും തൊട്ടു. ഞാൻ കാലഘട്ടങ്ങളെയെല്ലാം തൊടുകയായിരുന്നു. അബ്രഹാം, ദാവീദ്, ശലോമോൻ, ഞങ്ങളുടെ പ്രവാചകന്മാർ..തുടങ്ങി എല്ലാവരുടെയും ഓർമകൾ ഓരോ കല്ലുകളിലും തൊടുമ്പോൾ എന്റെ ആത്മാവിനെ സ്പർശിച്ചു.”

“ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തങ്ങൾ മറികടക്കുവാൻ യെഹൂദന് കഴിഞ്ഞെങ്കിൽ മനുഷ്യസമൂഹത്തിനു പ്രതീക്ഷയുമുണ്ട്.” നെതന്യാഹുവിന്റെ വാക്കുകൾ യെരൂശലേമിലും അമേരിക്കയുടെ 50 സംസ്ഥാനങ്ങളിലും ഒരുപോലെ ജനം ശ്രവിക്കുകയായിരുന്നു. അമേരിക്കയിലെ യിസ്രായേലിന്റെ അംബാസഡർ റോൺ ഡർമർ വിളിച്ചുകൂട്ടിയ പ്രത്യേക കോൺഫറൻസായിരുന്നു അത്.



1967 ജൂൺ 7

യെരൂശലേം പട്ടണം പിടിച്ചെടുത്ത ഉടൻ യിസ്രായേൽ സൈന്യം പടിഞ്ഞാറൻ മതിലിൽ വന്ന് പ്രാർത്ഥിക്കുന്നു

യെരുശലേം യഹൂദനു സ്വന്തമായതിന്റെ അൻപതാം വർഷം യിസ്രായേലിന് ആധുനികകാല അത്ഭുതത്തിന്റെ ദിനമായിരിക്കും. “യെരൂശലേം എന്ന പവിത്രനഗരത്തിൽ യെഹൂദനും, ക്രിസ്ത്യാനിക്കും, മുസ്ലീമിനും സംരക്ഷണം ഉണ്ട്. യെരുശലേമിന്റെ നഗരവീഥികളിൽകൂടി നടക്കുവാനും ദൈവത്തെ ആരാധിക്കുവാനും സ്വാതന്ത്ര്യമുണ്ട്.” റോൺ ഡെർമർ തന്റെ സന്ദശത്തിൽ പറഞ്ഞു. “യഹൂദാ ജനതയ്ക്ക് ആത്മിയവും മതപരവുമായി 3000 വർഷമായി ബന്ധമുള്ള യെരൂശലേം നഗരം യഹൂദന്റെ നിത്യതലസ്ഥാനം കൂടിയാണ്. ആയിരക്കണക്കിനു വർഷങ്ങൾ പ്രവാസത്തിലായിരുന്ന ജൂതന്മാർ ഒടുവിൽ അവരുടെ വീട്ടിൽ തിരിച്ചെത്തി.”യു.എസ് പ്രതിനിധി സഭയുടെ പ്രഭാഷകനായ പോൾ റയാൻ പറഞ്ഞു. യെരുശലേമിലേക്ക് യു.എസ് എംബസി മാറ്റിസ്ഥാപിക്കുവാൻ യിസ്രായേൽ നെസറ്റ് സ്പീക്കർ യുലിഏഡൽസ്റ്റെൻ യു.എസ് കോൺഗ്രസിനോട് ആവശ്യപ്പെട്ടു. യെരൂശലേമിന്റെ പുന:രധിവാസത്തിനു ശേഷം ആദ്യമായി യു.എസ് കോൺഗ്രസുമായി നടന്ന സംയുക്ത സമ്മേളനം വളരെ പ്രാധാന്യത്തോടെയാണ് ലോകം വീക്ഷിക്കുന്നത്.

ഇതിനിടെ പ്രകോപനപരമായ പ്രസ്താവനയുമായി തുർക്കി പ്രസിഡന്റ് രംഗത്തെത്തി. “യെരൂശലേമിൽ ലോകമെങ്ങുമുള്ള മുസ്ലീങ്ങൾ ജലപ്രവാഹംപോലെ സന്ദർശനത്തിന് എത്തണമെന്നും ജൂതരുടെ അധിനിവേശത്തിനു അറുതിവരുത്തണമെന്നും യെരൂശലേമിലെ അറബികൾക്ക് പിന്തുണ നൽകണമെന്നു”മായിരുന്നു പ്രസിഡന്റ് എർദോഗന്റെ പ്രസ്താവന. “യെരൂശലേം പട്ടണത്തിലെ ഓരോ കോണുകളിലും യെഹൂദന്റെ വേരുകളാണുള്ളതെന്ന്” പറഞ്ഞ് യെരൂശലേം മേയർ നീർ ബാർകെത് എർദോഗന്റെ വാക്കുകളെ പുച്ഛിച്ചുതള്ളി.

*June 2017*




## എഡിറ്റോറിയൽ

# എന്താണ് സംഭവിക്കാൻ പോകുന്നത്?

യിസ്രായേലുമായി ബന്ധപ്പെട്ട് വളരെ സുപ്രധാനമായ സംഭവവികാസങ്ങൾക്ക് ലോകം സാക്ഷ്യമാകുവാൻ പോവുകയാണ്. യിസ്രായേലിനിത് ശബ്ബത്തുകളുടെ ശബ്ബത്ത് ആണ്. ദൈവം യിസ്രായേലിനു നൽകിയ നിയമങ്ങൾക്കും പ്രമാണങ്ങൾക്കും അനുസൃതമായി ജൂതർ അവരുടെ ജീവിതത്തെ വീണ്ടും ചിട്ടപ്പെടുത്തുകയാണിപ്പോൾ. അൻപതുവർഷം മുമ്പ് 1967–ൽ ആറുദിന യുദ്ധത്തോടനുബന്ധിച്ച് യെരുശലേം പൂർണമായും ലഭ്യമായതും അതിനും അൻപതു വർഷത്തിനുമുമ്പ് 1917–ൽ ഒരു ജൂതരാഷ്ട്ര പിറവിക്കായുള്ള ബ്രിട്ടീഷ് ജനറൽ അല്ലൻബിയുടെ പ്രഖ്യാപനം നടന്നതും ലോകചരിത്രത്തിലെ നിർണായക ദിനങ്ങളായിരുന്നു. ആകയാൽ വീണ്ടുമൊരു ശബ്ബത്തുകളുടെ ശബ്ബത്തിൽ എത്തിയിരിക്കുന്നത് യെഹൂദനെ സംബന്ധിച്ച് വളരെ ശ്രദ്ധയേറിയ സമയമാണ്. മശിഹായുടെ വരവിന്റെ കാലൊച്ച അവരുടെ കാതുകളിൽ മുഴങ്ങുകയാണ്. "യെരുശലേം യിസ്രായേലിന്റെ നിത്യതലസ്ഥാനം" എന്ന് പ്രഖ്യാപിക്കുക മാത്രമല്ല പിതാക്കന്മാർ ആരാധിച്ച യെരുശലേമിലെ ദൈവാലയം പണിയുന്നതിനും അവർ തയ്യാറായിട്ട് ഇരിക്കുകയാണ്.

"അമേരിക്കയുടെ എംബസി ടെൽ- അവീവിൽ നിന്നും യെരുശലേമിലേക്ക് മാറ്റിസ്ഥാപിക്കും" എന്ന അമേരിക്കൻ പ്രസിഡന്റിന്റെ പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്തുന്നതിന് യിസ്രായേൽ അമേരിക്കയുടെ മേൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. അങ്ങനെ സംഭവിക്കാതിരിപ്പാൻ മറുഭാഗത്ത് അറബ് രാജ്യങ്ങൾ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്നു.

യെരുശലേം ജൂബിലിയോടനുബന്ധിച്ച് യിസ്രായേൽ ഡപ്യൂട്ടി മിനിസ്റ്റർ മിഖായേൽ ഓറൻ The Jerusalam Covenent എന്ന പേരിൽ യെരൂശലേമിലെ അനന്തമായ ഐക്യത പ്രഖ്യാപിച്ചുകൊണ്ട് ലോകത്തിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 1,52,000 പേർ ഒപ്പിട്ട ഒരു ഡോക്കുമെന്റ് അവതരിപ്പിച്ചു. യിസ്രായേലിന്റെ നിത്യതലസ്ഥാനം യെരുശലേം എന്നതിനെ പിന്തുണയ്ക്കുന്ന ഡോക്കുമെന്റാണത്. ക്രൈസ്തവരും ജൂതരും ഈ ഡോക്കുമെന്റിൽ ഒപ്പുവെച്ചിട്ടുണ്ട്.

"യെഹസ്ക്കേലിലെ ആ ഉണങ്ങിയ അസ്ഥികൾ ഇനി ഉണങ്ങിക്കിടക്കില്ല. യിരമ്യാവിലെ യെരുശലേം ഇനിമേൽ ഒറ്റപ്പെട്ടുപോകില്ല. യെരുശലേം തന്നെസ്നേഹിക്കുന്ന ഒട്ടനവധി പ്രിയപ്പെട്ടവരാൽ ചുറ്റപ്പെട്ടുകിടക്കുന്നു. യെരുശലേം ഞങ്ങളുടെ തലസ്ഥാനമാണെന്ന വിഷയത്തിൽ ഞങ്ങൾക്ക് നയതന്ത്രജ്ഞരുടെ അംഗീകാരത്തിന്റെ ആവശ്യമില്ല. യെരുശലേം യിസ്രായേലിന്റെ തലസ്ഥാനം എന്ന് അംഗീകരിക്കേണ്ടത് അത് അവരുടെ ആവശ്യമാണ് " യെഹൂദാ- ക്രൈസ്തവബന്ധത്തിൽ മദ്ധ്യസ്ഥനും ടെമ്പിൾമൗണ്ട് അവകാശപ്രവർത്തകനുമായ എം.കെ യെഹൂദാ ഗ്ലെയ്ക്ക് പറഞ്ഞു. യെരുശലേം യിസ്രായേലിന്റെ തലസ്ഥാനം തന്നെയായിരുന്നു. ദാവീദ് രാജാവ് ആണ് യെരുശലേമിനെ തലസ്ഥാനമാക്കിയത്. ലോകരാജ്യങ്ങൾ അത് അംഗീകരിച്ചില്ലെങ്കിലും യെരുശലേം യിസ്രായേലിന്റെ തലസ്ഥാനം തന്നെയാണ്. ഇന്ന് യിസ്രായേൽ ഗവൺമെന്റിന്റെ പ്രധാന ഓഫീസുകളെല്ലാം യെരൂശലേമിലാണ് പ്രവർത്തിക്കുന്നത്.

യെരൂശലേം തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് പറഞ്ഞ് പലസ്തീൻ നടത്തുന്ന അവകാശവാദങ്ങളും അവരെ പിന്തുണയ്ക്കുന്ന അറബ്ലോകവും വീണ്ടുമൊരു പോരാട്ടത്തിനുള്ള നീക്കത്തിലാണ്. ലോകമെങ്ങും ജൂതവിരോധം വീണ്ടും ആളികത്തുവാൻ തുടങ്ങിയിരിക്കുന്നു. യിസ്രായേൽ തന്നെയാണ് യെഹൂദനെ സംബന്ധിച്ച് ഏറ്റവും സുരക്ഷിതമായ സ്ഥാനം. അതുകൊണ്ടു തന്നെയാണ് യിസ്രായേലിലേക്കുള്ള അലിയ വർധിച്ചുകൊണ്ടിരിക്കുന്നത്. ഈ യോബേൽ സംവത്സരത്തിന്റെ വേള ജൂതർക്കും ക്രൈസ്തവർക്കും നിർണായകമാണ്. ഏതായാലും എന്തെങ്കിലും സംഭവിക്കുമെന്ന് യെഹൂദൻ കാത്തിരിക്കുമ്പോൾ മണവാട്ടിസഭയെ വീണ്ടെടുക്കുവാൻ മണവാളൻ ശീഘ്രത്തിൽ വരുന്നു എന്ന കാര്യം ദൈവജനം വിസ്മരിക്കുരുതേ..




സാജൻ പോൾ



ജൂതർ ദൈവവചനത്തിലേക്ക് തിരിഞ്ഞിരിക്കുകയാണ്. യിസ്രായേൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽവരെ ബൈബിൾ പഠനം നടന്നുവരുന്നു. യിസ്രായേലിന്റെ സൈന്യവും സേനാത്തലവന്മാരും ദൈവത്തിലുള്ള പൂർണ്ണ ആശ്രയത്തോടെ മുന്നേറുകയാണ്. "യിസ്രായേലിനെ ചിതറിച്ചവൻ അവനെ കൂട്ടിച്ചേർത്തു, ഒരിടയൻ തന്റെ കൂട്ടത്തെ കാക്കുന്നതുപോലെ അവനെ കാക്കും എന്നു പറവിൻ" യിര.31:10. സർവ്വശക്തനായ ദൈവം യിസ്രായേലിനുവേണ്ടി തന്റെ വൻകരം നീട്ടുന്ന നാളുകളാണിത്.

### യുദ്ധസമയത്ത് അത്ഭുതകരമായ ദൈവസാന്നിദ്ധ്യം

# സീനായിപർവ്വതത്തിൽ ശുഭ്രവസ്ത്രധാരി

തങ്ങളുടെ സൈന്യത്തെ മുഴുവൻ ഈജിപ്ത് സൈന്യം വളഞ്ഞിരിക്കുന്നതായി സീനായി പർവ്വതത്തിൽനിന്നും ഒരു യിസ്രായേല്യ പടയാളി വിളിച്ചു പറഞ്ഞു. ഏതു നിമിഷവും തങ്ങൾ മരണമടഞ്ഞേക്കാമെന്നു ഭയപ്പെട്ട പടയാളികളെല്ലാം മണൽചാക്കുകളുടെ പിറകിൽ ഓടിയൊളിച്ചു. എന്നാൽ പെട്ടെന്ന് ഒരു ശുഭ്രവസ്ത്രധാരിയായവൻ അവിടെ പ്രത്യക്ഷപ്പെട്ടു. യിസ്രായേൽ പട്ടാളക്കാർ അവനെ കണ്ടു. ചില നിമിഷങ്ങൾക്കകം അപ്രത്യക്ഷമാവുകയും ചെയ്തു. ഈജിപ്ത് സൈന്യം ഭയപ്പെട്ട് ഓടുകയും വെടിവെയ്പ്പ് നിറുത്തുകയും ചെയ്തു. യിസ്രായേൽ സൈന്യത്തിൽ ആർക്കും ഒന്നുംസംഭവിച്ചില്ല. സീനായി പർവ്വതത്തിൽ നിന്നും വിളിച്ചു പറഞ്ഞ പട്ടാളക്കാരൻ നിരീശ്വരനായിരുന്നു . എന്നാൽ ഈ സംഭവത്തിനു ശേഷം അയാൾ തീഷ്ണതയേറിയ ഒരു ദൈവവിശ്വാസിയായിത്തീർന്നു. ദൈവം ഉണ്ടെന്നും ആ ദൈവം അത്ഭുതകരമായി തന്നെയും സൈന്യത്തേയും രക്ഷിച്ചു എന്നും അവൻ വിശ്വസിച്ചു. യിസ്രായേലിനെതിരെ ഈജിപ്ത് സീനായ് അതിർത്തിയിൽ നിറുത്തിയ സൈന്യത്തിന്റെ സംഖ്യ 80,000 ആയിരുന്നു.


1967
Springfield Republican
WAR ENDS—TOTAL ISRAEL VICTORY

യിസ്രായേലിന്റെ വിജയത്തിന്റെ വാർത്തയുമായി ഇറങ്ങിയ സ്പ്രിങ്ഫീൽഡ് റിപ്പബ്ലിക്കൻ പത്രം

2.ദിനവൃത്താന്തം 7:14 പ്രകാരം ദൈവജനം ഒരുങ്ങുന്നതിലൂടെ പൊട്ടിപ്പുറപ്പെടുന്ന ഒരു യഥാർത്ഥ ആത്മിക ഉണർവ്വ് എന്ന ലക്ഷ്യവുമായി 2008 മാർച്ച് മുതൽ 'ഫ്ളെയിം ഓഫ് റിവൈവൽ' പ്രസിദ്ധീകരിക്കുന്നു. ലോകം മുഴുവൻ ഉണ്ടായ ഉണർവ്വിന്റെ വാർത്തകളും അനുഭവങ്ങളും ദൈവവചനവും ദൈവജനത്തിലേക്ക് എത്തിക്കുക, അതു സഭാഭേദമെന്യേയുള്ള ഒരു ആത്മിക ഉണർവ്വിനു മുഖാന്തരം ആകുക, ദൈവമക്കൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങുക ഇവ നമ്മുടെ ലക്ഷ്യങ്ങളാണ്. ഒരു പ്രത്യേക സഭാ വിഭാഗത്തിന്റേതല്ല ഫ്ളെയിം ഓഫ് റിവൈവൽ. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിവിധ സഭാ വിഭാഗങ്ങളിൽപ്പെട്ട ദൈവമക്കൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. ആത്മിക ഉണർവ്വിനായി ആഗ്രഹിക്കുന്ന കേരളത്തിലെ ദൈവമക്കൾ നൽകുന്ന സംഭാവന മാത്രമാണ് ഇതിന്റെ പിന്നിലെ സാമ്പത്തികസ്രോതസ്. മറ്റു പ്രസ്ഥാനങ്ങളോ വിദേശീയരോ ഇതിനു പിന്നിൽ ഇല്ല.

**Flame of Revival,** PB.21, Kuttapuzha.PO, Tiruvalla 689 103
**Call: 0469 2741694, 9446115977, 9447472692, 9447104670, 9446755390, 9447958442**
Printed and Published by Sajan Paul, Crown of Life Ministries (Reg:100/2009/IV/TVLA) Puthenparambil buildings, Kuttapuzha.PO,Tiruvalla, Kerala 689103 Printed at Rakshtra Deepika Press,Kottayam

FOR PRIVATE CIRCULATION ONLY
അനുവാദമില്ലാതെ മാറ്ററുകൾ പുന:പ്രസിദ്ധീകരണം ചെയ്യുവാൻ പാടുള്ളതല്ല

### ഈവക ആർ കേട്ടിട്ടുള്ളു ? ഇങ്ങനെയുള്ളതു ആർ കണ്ടിട്ടുള്ളു ?

# ഒരു ദേശം ഒരു ദിവസംകൊണ്ടു പിറക്കുമോ?

യിസ്രായേൽ രാജ്യം ഈ ഭൂമണ്ഡലത്തിൽ സംജാതമായത് ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പാണെങ്കിലും അനുസരണക്കേട് മുഖാന്തരം ദൈവത്തിൽനിന്നും അവർ അകന്നുപോയപ്പോൾ അവർക്ക് ദൈവം നൽകിയ ഭൂപ്രദേശം നഷ്ടമാവുകയും ശത്രുശക്തികൾ അതു കൈക്കലാക്കുകയും ചെയ്തു. തുടർന്ന് കനാനിലേക്കുവന്നനാൾ മുതൽ അവർക്ക് തങ്ങളുടെ ഭൂമിക്കുവേണ്ടി കഠിനമായി പോരാടേണ്ടിവന്നു. യഹൂദനെ ഈ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുമെന്ന് രാജ്യനേതാക്കന്മാർ വെല്ലുവിളിച്ചു. 60 ലക്ഷം ജൂതരെ ഒന്നടങ്കം കൊന്നൊടുക്കിയ ഹിറ്റ്ലർ അടക്കമുള്ള നേതാക്കൾ ധരിച്ചത് ഒരിക്കലും യഹൂദൻ യിസ്രായേലിലേക്ക് തിരിച്ചു വരികയില്ലെന്നാണ്. എന്നാൽ ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പ് യെശയാപ്രവാചകൻ വിളിച്ചു പറഞ്ഞു. ഈ വക ആർ കേട്ടിട്ടുള്ളൂ? ഇങ്ങനെയുള്ളത് ആർ കണ്ടിട്ടുള്ളൂ? ഒരു ദേശം ഒരു ദിവസം കൊണ്ടുപിറക്കുമോ? ഒരു ജാതി ഒന്നായിട്ടു തന്നെ ജനിക്കുമോ? (യെശ.66:8). യിസ്രായേലിനെതിരെ ശബ്ദിച്ച ലോകനേതാക്കളെ ഭയചകിതരാക്കും വിധം ആ വചനത്തിന്റെ സാക്ഷാത്കാരം 1948 മെയ് 14-നു സംഭവിച്ചു. യിസ്രായേൽ പിറന്നു State Of Israel Is Born എന്ന തലക്കെട്ടോടെയായിരുന്നു The Palestine Post പത്രം പുറത്തിറങ്ങിയത്. തുടർന്ന് യിസ്രായേലിന് ശത്രുക്കൾക്കെതിരെ ജയത്തിന്റെ ജൈത്രയാത്രയായിരുന്നു.


If you can't come to town, please telephone 4607
Lighting, Heating, Cooking, Refrigeration
CARL MARX
THE PALESTINE POST
JERUSALEM
THE PALESTINE POST
STATE OF ISRAEL IS BORN

The first independent Jewish State in 19 centuries was born in Tel Aviv as the British Mandate over Palestine came to an end at midnight on Friday, and it was immediately subjected to the test of fire. As "Medinat Yisrael" (State of Israel) was proclaimed, the battle for Jerusalem raged, with most of the city falling to the Jews. At the same time, President Truman announced that the United States would accord recognition to the new State. A few hours later, Palestine was invaded by Moslem armies from the south, east and north, and Tel Aviv was raided from the air. On Friday the United Nations Special Assembly adjourned after adopting a resolution to appoint a mediator but without taking any action on the Partition Resolution of November 29.

Yesterday the battle for the Jerusalem-Tel Aviv road was still under way, and two Arab villages were taken. In the north, Acre town was captured, and the Jewish Army consolidated its positions in Western Galilee.

Most Crowded Hours in Palestine's History

JEWS TAKE OVER SECURITY ZONES

Egyptian Air Force Spitfires Bomb Tel Aviv; One Shot Down

U.S. RECOGNIZES JEWISH STATE

Proclamation by Head Of Government

യിസ്രായേൽ രാഷ്ട്രത്തിന്റെ പിറവിയുടെ വാർത്തയുമായി ഇറങ്ങിയ പത്രം

# ജൂതർ






## ക്രൂരമായ പീഢനങ്ങളെല്ലാം അതിജീവിച്ചുകൊണ്ട് മുന്നേറുന്ന ഒരു ജനതതി

25 ലക്ഷം മാത്രം ജനസംഖ്യയുള്ള യിസ്രായേലിനെ 800 ലക്ഷത്തോളം ജനങ്ങൾ അധിവസിക്കുന്ന അറബ് രാജ്യങ്ങളുടെ സൈന്യം 1967 മെയ് മാസം അവസാനം അക്രമിക്കുവാൻ തയ്യാറെടുത്തപ്പോൾ ദമാസ്കസ് റേഡിയോ അറബികളെ യുദ്ധത്തിന് അണിനരക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: "വെറുക്കപ്പെട്ട യിസ്രായേല്യരുടെ ചങ്കു അവരുടെ ശരീരത്തിൽ നിന്ന് പറിച്ചു കളയുന്നതിനും അവരെ മണ്ണിൽ ഇട്ടു ചവിട്ടിക്കളയുന്നതിനുമുള്ള ഈ വിമോചന സമരം" എന്നായിരുന്നു. യിസ്രായേൽ എന്ന രാഷ്ട്രം വീണ്ടും രൂപപ്പെട്ടതിന്റെ അറബ് ലോകത്തിന്റെ ക്രോധമാണ് 1967-ലെ 6 ദിവസത്തെ യുദ്ധത്തിനു കാരണമായത്. അറബ് രാജ്യങ്ങളുടെ പ്രസിഡന്റ് ഗമാൽ ആബ്ഡൽ നാസ്സർ 1967 മെയ് അവസാനം യിസ്രായേലിനെതിരെ ഒരു പ്രഖ്യാപനം നടത്തി. അകാബാ എന്നറിയപ്പെടുന്ന ഉൾക്കടലിൽ യിസ്രായേല്യ കപ്പലുകൾ അനുവദിക്കുന്നതല്ല എന്നതായിരുന്നു അത്. അറബ് രാജ്യങ്ങൾ അവരുടെ സൈന്യങ്ങളെ യിസ്രായേലിന്റെ അതിർത്തികളിലെങ്ങും വിന്യസിച്ചു. സീനായിയുടെ അതിർത്തിയിൽ ഈജിപ്ത് 80,000 പട്ടാളക്കാരെയും സിറിയ വടക്കുഭാഗത്ത് 40,000 പട്ടാളത്തേയും സൗദി അറേബ്യ യോർദ്ദാന്റെ സഹായത്തിനായി 20,000 പട്ടാളക്കാരേയും ഇറാക്ക് സിറിയയുടെ സഹായത്തിനായി 5000 പട്ടാളക്കാരെയും അണിനിരത്തി. എന്നാൽ അറബ് ലോകത്തിന്റെ എല്ലാ നീക്കങ്ങളെയും അസ്ഥാനത്താക്കികൊണ്ട് യിസ്രായേൽ ജയാളികളായി. അറബികൾ അണിനിരത്തിയ അസംഖ്യം സൈന്യബലത്തെ അനായാസം യിസ്രായേൽ തകർത്തത് അവർക്കെതിരെ പടപൊരുതിയ രാജ്യങ്ങളെ അമ്പരിപ്പിച്ചു. വാസ്തവത്തിൽ യിസ്രായേലിന്റെ ദൈവം തന്റെ വൻകരം നീട്ടുകയായിരുന്നു.

യുദ്ധത്തിന് അണിനിരക്കുന്നതിനുമുമ്പ് യിസ്രായേൽ സൈന്യത്തിന് ബ്രിട്ടീഷ് സൈന്യാധിപനും സീയോൻസംഘത്തിന്റെ തീഷ്ണതയുള്ളവനുമായിരുന്ന ഓൻഡെ വിൻഗെയ്റ്റ് ദൈവവചനത്തിൽ നിന്നും മനസിലാക്കിയ യുദ്ധതന്ത്രങ്ങൾ സേനയെ പഠിപ്പിച്ചിരുന്നു. വേദപുസ്തകത്തിൽനിന്നും പഠിച്ച കാര്യങ്ങൾ സൈന്യത്തെ ശക്തിപ്പെടുത്തിയിരുന്നു. യിസ്രായേലിന്റെ സൈന്യാധിപനായ മോശെ ദയാൻ അന്നു പറഞ്ഞത് ഇപ്രകാരമാണ് "വിൻഗെയ്റ്റ് ആയിരുന്നു എന്റെ പ്രധാന അദ്ധ്യാപകൻ. സൈന്യത്തിന്റെ സംഖ്യയിലല്ല ബലം എന്ന് അദ്ദേഹം എന്നെ പഠിപ്പിച്ചു. 3 ആളുകൾ 100 ആളുകളോടോ, ഒരുവൻ 50 പേരോടോ യുദ്ധം ചെയ്യേണ്ടിവന്നാലും യുദ്ധം ജയിക്കാനുള്ള വഴി ഉണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചു." ന്യായാധിപന്മാർ 6,7 അധ്യായങ്ങളിൽ മിദ്യാനെതിരെ യുദ്ധത്തിനുപോയ ഗിദയോന്റെ യുദ്ധവ്യവസ്ഥകൾ അനുസരിച്ചായിരുന്നു വിൻഗെയ്റ്റ് യുദ്ധതത്വങ്ങൾ മെനഞ്ഞിരുന്നത്.

മിദ്യാന്യ പാളയത്തിൽ പരിഭ്രമം വരുത്തി അവരെ ഓടിപ്പിച്ചതുപോലെ യിസ്രായേലിനെതിരെ അണിനിരന്ന ശത്രുശക്തികളെ സർവ്വശക്തൻ ഓടിച്ചുകളഞ്ഞു. 1900 വർഷങ്ങൾക്കുശേഷം യെരുശലേം പട്ടണം മുഴുവൻ യെഹൂദന്റെ കൈവശമാകുവാൻ ഈ യുദ്ധം മൂലം ഇടയായി. യെരുശലേം ദൈവാലയം പണിയേണ്ടസ്ഥാനവും യെഹൂദന്റെ കൈവശമായി. 1948-ൽ യിസ്രായേൽ രാഷ്ട്രം രൂപീകൃതമായപ്പോൾ യെരുശലേം പട്ടണത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു യിസ്രായേലിന്റെ കൈവശമുണ്ടായിരുന്നത്.

1967-ലെ യുദ്ധത്തിൽ ഇറങ്ങുന്നതിനുമുമ്പ് യിസ്രായേൽ സൈന്യത്തിന് റബ്ബി അലൂഫ് ശ്ലോമ്മാ ഗോറൻ ആവ.20:3-4, സങ്കീ.35:1,2, 83:2,3,14-18 എന്നീ ബൈബിൾ വചനങ്ങളിൽനിന്നും ഒരു പ്രാർത്ഥന തയ്യാറാക്കികൊടുത്തിരുന്നു. യുദ്ധസമയത്ത് ഈ പ്രാർത്ഥന സൈന്യം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. യിസ്രായേൽ സൈന്യം സൈന്യങ്ങളുടെ യഹോവയെ പൂർണമായും ആശ്രയിച്ചപ്പോൾ അവർക്കുവേണ്ടി സർവ്വശക്തനായ ദൈവം പ്രവർത്തിച്ചു. യിസ്രായേൽ ജയാളികളായി.




ന്യായാധിപന്മാർ 6,7 അധ്യായങ്ങളിൽ മിദ്യാനെതിരെ യുദ്ധത്തിനുപോയ ഗിദയോന്റെ യുദ്ധവ്യവസ്ഥകൾ അനുസരിച്ചായിരുന്നു വിൻഗെയ്റ്റ് യുദ്ധതത്വങ്ങൾ മെനഞ്ഞിരുന്നത്.

# 6 ദിനയുദ്ധത്തിൽ യിസ്രായേലിന്റെ വിജയഭേരി

## ISRAEL'S VICTORY ON SIX DAYS WAR...1967

# "യെരൂശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ"

സങ്കീ.122:6

ലോകമെങ്ങും അധിവസിക്കുന്ന യെഹൂദാജനം യിസ്രായേലിലേക്ക് അലിയയായി (വാഗ്ദത്തനാട്ടിലേക്കുള്ള ജൂതരുടെ കുടിയേറ്റത്തിനു പറയുന്ന ഏബ്രായാ പേര്) കടന്നുവരുന്നത് വർദ്ധിച്ചിരിക്കുന്നതിനാൽ അവർക്കായുള്ള താമസസൗകര്യം ഒരുക്കേണ്ടത് യിസ്രായേലിനെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമാണ്. വെസ്റ്റ്ബാങ്കിലും യിസ്രായേലിന്റെ മറ്റു ഭാഗങ്ങളിലും യിസ്രായേൽ ഒട്ടനവധി പാർപ്പിടസമുച്ചയങ്ങൾ കടന്നുവരുന്ന ജൂതർക്കായി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്.
വെസ്റ്റ്ബാങ്കിൽ മാത്രം 4,20,000 പേർക്ക് അധിവസിക്കുവാനുള്ള സൗകര്യമാണ് യിസ്രായേൽ ഒരുക്കിയിട്ടുള്ളതെന്ന് യെഷ്വാ കൗൺസിൽ പറയുന്നു. പാർപ്പിടസമുച്ചയ നിർമ്മാണം നിർവിഘ്നം നടത്തപ്പെടേണ്ടതിനായി പ്രാർത്ഥിക്കണം.



വെസ്റ്റ്ബാങ്കിൽ യിസ്രായേൽ പണിതുകൊണ്ടിരിക്കുന്ന കെട്ടിടസമുച്ചയങ്ങൾ

## ഈ വിഷയങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം

1. അലിയയ്ക്കുവേണ്ടി...2017-ലെ ആദ്യത്തെ അഞ്ചുമാസങ്ങളിലും ജൂതർ യിസ്രായേലിലേക്ക് കുടിയേറുകയുണ്ടായി. കുടിയേറിയവരിൽ ഫെബ്രുവരിയിൽ ഭാരതത്തിൽനിന്നും 102 മനശ്ശെ ഗോത്രവർഗ്ഗക്കാരും ഉൾപ്പെടുന്നു. പെസഹ പെരുനാളിനോടനുബന്ധിച്ച് യുക്രൈനിൽ നിന്നും 230 ജൂതരാണ് യിസ്രായേലിൽ കുടിയേറിയത്. ഇതിൽ 78 ജൂതാ കുടുംബങ്ങൾ ഉൾപ്പെടുന്നു.ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും യിസ്രായേലിലേക്കു മടങ്ങുവാൻ ജൂതർ തയ്യാറെടുത്തുകൊണ്ടികരിക്കുകയാണ്. ജൂതരുടെ കൂട്ടത്തോടുള്ള മടക്കം തടയാൻ ചില രാജ്യങ്ങളിൽ പല തടസങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ജൂതരുടെ അലിയയ്ക്കായി പ്രാർത്ഥിപ്പിൻ.

2. യെഹൂദന്റെ പുന:രധിവാസം,തൊഴിൽ എന്നിവയ്ക്കായി...ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത സംസ്ക്കാരങ്ങളും ജീവിതരീതികളും പിന്തുടർന്ന് വിവിധ ഭാഷ സംസാരിക്കുന്നവരുമായിരുന്ന ജൂതർ സ്വദേശത്തേക്കു എത്തിച്ചേരുമ്പോൾ ഏബ്രായ ഭാഷാപഠനം, താമസം, തൊഴിൽ എന്നിവയ്ക്കായി അല്പമല്ലാത്ത ക്ലേശം സഹിക്കേണ്ടിവരുന്നു. യിസ്രായേൽ ഗവൺമെന്റ് അവരുടെ പുനരധിവാസത്തിനുള്ള പാർപ്പിടങ്ങളും തൊഴിലിനുവേണ്ടിയുള്ള സാഹചര്യങ്ങളും ഏബ്രായ ഭാഷാപഠനത്തിനായുള്ള കാര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. വ്യത്യസ്ത സംസ്ക്കാര രീതികളുമായി പൊരുത്തപ്പെടേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കാം.

3. യിസ്രായേലിന്റെ രാഷ്ട്രീയ- മത നേതാക്കൾക്കായി പ്രാർത്ഥിക്കുക. യിസ്രായേൽ പ്രസിഡന്റ് റ്യൂവൻ റിവ്ലിൻ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹു എന്നിവർക്കായി പ്രാർത്ഥിക്കാം. ദൈവവചന പ്രകാരം ഓരോ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് കർത്താവ് ബുദ്ധിയും വിവേകവും നൽകേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കുക.

4. യെരൂശലേമിലേക്ക് ജലപ്രവാഹംപോലെ മുസ്ലീമുകൾ കടന്നുവരികയും ടെമ്പിൾ മൗണ്ടിൽ പണിതിരിക്കുന്ന ഡോം-ഓഫ് ദ റോക്ക് സന്ദർശിക്കണമെന്നും യെരൂശലേമിൽ അധിവസിക്കുന്ന അറബികൾക്ക് പിന്തുണനൽകണമെന്നുമാണ് തുർക്കിയുടെ പ്രസിഡന്റ് റെസെപ് തയ്യിപ് എർദോഗൻ പറഞ്ഞിരിക്കുന്നത്. ഒരു കാരണവശാലും യെഹൂദന് യെരൂശലേമിൽ ആധിപത്യം നൽകരുതെന്നതാണ് അദ്ദേഹത്തിന്റെ വാദം. യെരൂശലേമിന്റെ യഥാർത്ഥ ചരിത്രം എർദോഗൻ തിരിച്ചറിയേണ്ടതിനായും പ്രകോപനപരമായ പ്രസ്താവനകളിൽ നിന്നും പിന്തിരിയേണ്ടതിനായും പ്രാർത്ഥിക്കുക.

5. യെരൂശലേമിന്റെ ക്രൈസ്തവ സഭകൾക്കുവേണ്ടി പ്രാർത്ഥിക്കുക. യെരൂശലേം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യിസ്രായേൽ സ്റ്റഡീസ് പറയുന്നത് യെരൂശലേമിൽ 15 ക്രൈസ്തവ സഭാവിഭാഗങ്ങൾ ഉണ്ടെന്നാണ്. ക്രൈസ്തവ സഭയുടെ ആരംഭം കുറിച്ച യെരൂശലേമിൽ അധിവസിക്കുന്ന ക്രൈസ്തവർ ജൂതാസമൂഹത്തിന് പിന്തുണ നൽകുന്നവരാണ്. യേശു തന്നെ മശിഹ എന്നു അംഗീകരിച്ച യെഹൂദന്മാരുമുണ്ട്. യെരൂശലേമിലെ ക്രൈസ്തവർക്കായി പ്രത്യേകം പ്രാർത്ഥിക്കുക.

6. ആഫ്രിക്കൻ രാജ്യങ്ങൾ വീണ്ടും യിസ്രായേലുമായി ഉറ്റബന്ധത്തിനായി മുന്നോട്ടു കടന്നുവരുന്നുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലെ നേതാക്കൾ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതിനായും ആഫ്രിക്കൻ രാജ്യങ്ങളിലെ ക്രൈസ്തവരുടെ പൂർണ പിന്തുണ യിസ്രായേലിനു ലഭിക്കേണ്ടതിനായും പ്രത്യേകം പ്രാർത്ഥിക്കുക.


7. യെരൂശലേം നഗരം ഉൾപ്പെടുന്ന യിസ്രായേൽ രാജ്യത്തിനെതിരെ അറബ് രാജ്യങ്ങളുടെ അമർഷം അണപൊട്ടുകയാണ്. യെരൂശലേം യിസ്രായേലിന്റെ നിത്യതലസ്ഥാനം എന്ന ജൂതരുടെ പ്രഖ്യാപനത്തെ സടകുടം എതിർക്കുവാൻ യിസ്രായേൽ വിരുദ്ധരാജ്യങ്ങൾ ഒന്നടങ്കം പദ്ധതികൾ മെനയുകയാണ്. യിസ്രായേൽ വിരുദ്ധപ്രസ്താവനകൾ നിരന്തരം ഇവർ പുറത്തിറക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകാൽ ഇറാൻ, സിറിയ, ജോൻദാൻ, ഈജിപ്ത്, ലബനൻ തുടങ്ങിയ അയൽ രാജ്യങ്ങൾക്കും മുഴുവൻ അറബ് രാജ്യങ്ങൾക്കും യിസ്രായേൽ വിരുദ്ധരായ മറ്റു ലോകരാജ്യങ്ങൾക്കും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുക.

8. യെരൂശലേം യിസ്രായേലിന്റെ തലസ്ഥാന നഗരിയായി ലോകരാജ്യങ്ങൾ അംഗീകരിക്കുന്നതിനായി അമേരിക്കയുടെ എംബസി ടെൽ- അവീവിൽ നിന്നും യെരൂശലേമിലേക്കു കൊണ്ടുവരുമെന്ന ട്രംപിന്റെ പ്രഖ്യാപനം വേഗത്തിൽ നടപ്പിലാക്കേണ്ടതിനായും പ്രത്യേകം പ്രാർത്ഥിക്കുക. അമേരിക്കയുടെ എംബസി യെരൂശലേമിൽ വന്നാൽ നിശ്ചയമായും അവരെ പിന്തുണയ്ക്കുന്ന രാജ്യങ്ങളും തങ്ങളുടെ എംബസികൾ യെരൂശലേമിലേക്ക് മാറ്റും.



### യിസ്രായേൽ സൈന്യം

യിസ്രായേലിന്റെ സൈന്യമായ ഐ.ഡി.എഫിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. യിസ്രായേലിന്റെ ദൈവത്തിങ്കലുള്ള വിശ്വാസം സൈന്യത്തിൽ വർദ്ധിക്കേണ്ടതിനായും അധാർമ്മികമായ ജീവിതം നയിക്കുന്ന സൈനികരുടെ രൂപാന്തരത്തിനായും പ്രത്യേകം പ്രാർത്ഥിക്കുക



## യിസ്രായേൽ




| | | |
|---|---|---|
| മേഖല | : | പശ്ചിമേഷ്യ |
| വിസ്തൃതി | : | 20,770 ച.കി.മീ |
| ജനസംഖ്യ | : | 8,701,860 |
| തലസ്ഥാനം | : | യെരൂശലേം (യുഎൻ അംഗീകരിച്ചിട്ടില്ല) |
| ഭാഷ | : | ഹീബ്രു,അറബി |
| | : | ഇംഗ്ലീഷ് |
| മതം | : | ജൂതർ 74.8% |
| | : | മുസ്ലിം 17.6% |
| | : | ക്രിസ്ത്യൻ 2% |
| സ്വാതന്ത്ര്യദിനം | : | 1948 മെയ് 14 |
| സർക്കാർ | : | പാർലമെന്ററി ജനാധിപത്യം |
| രാഷ്ട്രത്തലവൻ | : | പ്രസിഡന്റ് |
| പ്രസിഡന്റ് | : | റ്യൂവെൻ റിവ്ലിൻ |
| സർക്കാർത്തലവൻ | : | പ്രധാനമന്ത്രി |
| പ്രധാനമന്ത്രി | : | ബെഞ്ചമിൻ നെതന്യാഹൂ |
| സാക്ഷരത | : | 95.4% (പുരു 97.3%, |
| | : | സ്ത്രീ.93.6%) |
| നാണയം | : | ന്യൂ ഇസ്രയേലി ഷിക്കൽ |
| റെയിൽവേ | : | 640 കി.മീ |
| റോഡ് | : | 16,903 കി.മീ |
| നഗരങ്ങൾ | : | ജറുസലേം, യാഫോ |
| | : | ഹൈഫ,അഷ്ഖിലോൺ |
| | : | ബേർശേബ,ബത്-യാം, |
| | : | ഹോളോൻ, റമത്ഗാൻ |
| | : | ടെൽ-അവീവ് |



**Pray For Israel**



# വീണ്ടെടുപ്പിൻ നാളടുത്തു

യിസ്രായേൽ ജനതയെ യഹോവയായ ദൈവം അത്തിവൃക്ഷത്തോടു ഉപമിച്ച് പറഞ്ഞിട്ടുണ്ട്. ന്യായവിധി നടത്തിയപ്പോൾ അത് ''എന്റെ അത്തിവൃക്ഷത്തെ ഒടിച്ചു കളഞ്ഞു'' എന്നാണ് യോവേൽ 1:7-ൽ പറഞ്ഞിരിക്കുന്നത്. മരുഭൂമിയിൽ മുന്തിരിപ്പഴംപോലെ ഞാൻ യിസ്രായേലിനെ കണ്ടെത്തി; അത്തിവൃക്ഷത്തിൽ ആദ്യം ഉണ്ടായ തലക്കനിപോലെ ഞാൻ നിങ്ങളുടെ പിതാക്കന്മാരെ കണ്ടു. ഹോശ.9:10-ൽ പറയുന്നു. ഇല ഉണ്ടെങ്കിലും ഫലമില്ലാത്ത യിസ്രായേൽ ജനത്തെ ചിത്രീകരിക്കുന്നതിനു അത്തിവൃക്ഷം ദൃഷ്ടാന്തമായി ഉപയോഗിച്ചിട്ടുണ്ട്. യിസ്രായേലുമായി ബന്ധപ്പെടുത്തി മർക്കോസ്.11:13-ൽ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന ഒരു അത്തിവൃക്ഷത്തെപ്പറ്റി ഒരു ഉപമ കർത്താവു പറഞ്ഞിട്ടുണ്ട്. ആ മുന്തിരിത്തോട്ടം യിസ്രായേലാണല്ലോ യെശ.5:7 മത്തായി.24:32-33 വാക്യങ്ങളിൽ ക്രിസ്തുയേശു പറഞ്ഞത് അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പേൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ. അത്തിവൃക്ഷമായ യിസ്രായേലിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് യേശുക്രിസ്തുവിന്റെ വരവ് ഏറെ അടുത്തിരിക്കുന്നു എന്നതിന്റെ സൂചനകളാണ് നൽകുന്നത്.

# നിറവേറപ്പെടുന്ന വാഗ്ദത്തങ്ങൾ




ഭൂലോകമെങ്ങും ചിതറപ്പെട്ട യഹൂദാജനം അവർക്ക് ദൈവം വാഗ്ദത്തം ചെയ്ത കനാൻനാട്ടിലേക്ക് മടങ്ങിവന്നുക്കൊണ്ടിരിക്കുകയും അവരുടെമേൽ ദൈവത്തിന്റെ കരം വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടം ചരിത്രത്തിലെ ഒരു സുപ്രധാന സമയം തന്നെയാണ്.

ലോകചരിത്രം ബൈബിൾ ചരിത്രവുമായി ചേർന്നുനിൽക്കുന്നു. ആ ചരിത്രം ദൈവജനമായ യിസ്രായേലുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ബൈബിളിൽ പറയുന്ന ഓരോ സംഭവങ്ങൾക്കും മുഖ്യസ്ഥാനത്തു നിൽക്കുന്ന ജനതതിയാണ് യിസ്രായേൽ ജനത. ക്രിസ്തുവിനു മുമ്പ് 2000 ആണ്ടിൽ അബ്രഹാമിനെ വിളിക്കുന്നതിൽകൂടിയാണ് ജൂതരുടെ ചരിത്രം ആരംഭിക്കുന്നത്. താൻ ചെയ്യാൻപോകുന്നത് ദൈവം അബ്രഹാമിനോട് മുൻകൂട്ടി വാഗ്ദത്തം ചെയ്തു. ''ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും'' (ഉൽ.12:1-3). അബ്രഹാമിന്റെ കൊച്ചുമകനായ യാക്കോബിനാണ് യിസ്രായേൽ എന്ന പേരു ലഭ്യമായത്. യാക്കോബിന്റെ 12 ആൺമക്കൾ യിസ്രായേലിന്റെ 12 ഗോത്രപിതാക്കന്മാരാവുകയും അതിൽക്കൂടി ജൂതരുടെ 12 ഗോത്രങ്ങൾ ഉളവാകുകയും ചെയ്തു. കനാനിലുണ്ടായ ക്ഷാമം യിസ്രായേലിനെ ഈജിപ്തിൽ പോകുന്നതിന് ഇടയാക്കി. യാക്കോബിന്റെ പുത്രൻ യോസഫ് ഈജിപ്തിന്റെ പ്രധാനമന്ത്രിയായിരുന്നതിനാൽ ക്ഷാമം തീർന്നിട്ടും യിസ്രായേൽ മക്കൾ കനാനിലേക്ക് മടങ്ങിയില്ല. 400 വർഷക്കാലം അവർ അവിടെ താമസമാക്കിയപ്പോൾ ദൈവം അവർക്ക് വാഗ്ദത്തം ചെയ്ത കനാൻനാട് ജാതികൾ കൈവശമാക്കി കഴിഞ്ഞിരുന്നു.

മോശയുടെ നേതൃത്വത്തിലാണ് ഈജിപ്തിൽ നിന്നും കനാൻനാട്ടിലേക്കുള്ള ജൂതരുടെ പുറപ്പാട് ആരംഭിച്ചത്. 40 വർഷക്കാലം അറേബ്യൻ മരുഭൂമിയിൽ ജനം ചുറ്റിനടന്നു. ഒടുവിൽ 1451-ൽ ബി.സിയിൽ അവർ യോശുവായുടെ നേതൃത്വത്തിൽ കനാൻ നാട്ടിലെത്തി. ഒട്ടനവധി യുദ്ധങ്ങൾചെയ്ത് തങ്ങളുടെ ദേശം അവർ സ്വന്തമാക്കി. 45 വർഷക്കാലം അവരുടെ ഭരണം ന്യായാധിപന്മാരാൽ നടന്നു. ബി.സി 1095-ൽ ആദ്യത്തെ രാജാവായി ശൗൽ വാഴിക്കപ്പെട്ടു. ബി.സി 1000 ത്തോടനുബന്ധിച്ച് ദാവീദ് യിസ്രായേലിൽ രാജാവായി. മകൻ ശലോമോൻ യെരൂശലേമിൽ ദൈവാലയം പണിതു.

എന്നാൽ ജയഭേരിയോടെ ശത്രുക്കളെ ജയിച്ചടക്കിമുന്നേറിയ യിസ്രായേൽ ജനം, തുടർന്ന് ദൈവത്തിൽ നിന്നകലുവാൻ തുടങ്ങി. ചെങ്കടൽ കടന്നതും മരുഭൂമിയിൽ മന്ന കഴിച്ചതും യോർദാന്റെ നടുവിൽ കൂടി കടന്നുവന്നതും അവർ പാടെ മറന്നുപോയിരുന്നു. പാപപങ്കിലമാർന്ന ജീവിതവഴിത്താരയിലേക്കായിരുന്നു അവരുടെ യാത്ര. യിസ്രായേൽ രാജ്യം രണ്ടായി വിഭാഗിക്കപ്പെടാൻ ആ പിന്മാറ്റം കാരണമായി. ബി.സി 975-ൽ യിസ്രായേൽ രാജ്യം രണ്ടായി വിഭാഗിക്കപ്പെട്ടു. തുടർന്ന് ശത്രുക്കളുടെ നിരന്തരം ആക്രമണം നേരിട്ടു. 254 വർഷങ്ങൾക്കുശേഷം 10 ഗോത്രങ്ങൾ ഉൾപ്പെട്ട വടക്കേരാജ്യമായ യിസ്രായേൽ സിറിയ രാജാവ് പിടിച്ചടക്കി ജൂതരെ പ്രവാസികളാക്കി. ബി.സി 600-ൽ അതായത് 120 വർഷത്തിനുശേഷം രണ്ട് ഗോത്രങ്ങൾ ഉൾപ്പെട്ട യഹൂദരാജ്യം ബാബിലോണ്യക്കാർ പിടിച്ചു ജൂതരെ പ്രവാസികളാക്കി. യെരൂശലേം ദൈവാലയം തകർത്തുകളഞ്ഞു. സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുതപ്രവൃത്തിക്കായി വിളിക്കപ്പെട്ട ദൈവത്തിന്റെ ജനം വിലാപഗീതങ്ങളുമായി കഴിയേണ്ടിവന്ന നാളുകൾ യിസ്രായേൽ ചരിത്രത്തിന്റെ തീരാദു:ഖത്തിന്റെ കാലയളവായിരുന്നു. ബി.സി.536-ൽ സെരുബാബേലിന്റെ നേതൃത്വത്തിൽ വീണ്ടും ജൂതർ യിസ്രായേലിലേക്ക് മടങ്ങിവന്നു. എസ്രായുടെ നേതൃത്വത്തിൽ മറ്റൊരു ജൂതരുടെ സംഘം ആലയ പണിയ്ക്കായി എത്തി. 14 വർഷങ്ങൾക്കുശേഷം മതിൽ പണിയുവാൻ നെഹമ്യാവിന്റെ നേതൃത്വത്തിൽ വന്നു.

ബിസി 63-ൽ ജൂതർ റോമക്കാരുടെ അധീനതയിലായി. അവരാണ് യഹൂദാരാജ്യം എന്ന് യിസ്രായേലിന് പേര് കൊടുത്തത്. ബി.സി 40-ൽ ഹെരോദാവ് യെഹൂദയുടെ രാജാവായി. ബി.സി 17-ൽ ഹെരോദാവ് യെരുശലേം ദൈവാലയം അതിമനോഹരമാക്കി പണിതു. യേശുക്രിസ്തുവിന്റെ കാലത്ത് ആ ദൈവാലയമായിരുന്നു ഉണ്ടായിരുന്നത്. ശിഷ്യന്മാർ ദൈവാലയത്തിന്റെ ഭംഗി കാണിക്കുവാൻ കൊണ്ടുവന്നപ്പോൾ ''ഇത് കല്ലിന്മേൽ കല്ല് ശേഷിക്കയില്ല'' എന്ന് യേശു പറകയുണ്ടായി. യേശുക്രിസ്തുവിന്റെ മരണ-പുനരുത്ഥാനങ്ങൾക്കു ശേഷം എ.ഡി 70- ൽ റോമാ സൈന്യാധിപനായ ടൈറ്റസ് യെരുശലേം പട്ടണം ആക്രമിച്ച് ദൈവാലയം തകർത്തു. അതിന്റെ അടിസ്ഥാന കല്ലുകൾവരെ ഇളക്കി മാറ്റി. യെഹൂദന്മാരെ അടിമകളാക്കി വലിയൊരു വിഭാഗം ജൂതർ ലോകമെങ്ങും ചിതറിപ്പോയി.

എ.ഡി 132-ൽ അൻപതു ലക്ഷത്തോളം ജൂതർ ബെൻകച്ച്ബാ എന്ന നേതാവിന്റെ നേതൃത്വത്തിൽ റോമാഗവൺമെന്റിനു വിരോധമായി വിപ്ലവത്തിന് തുടക്കമിട്ടു. ദൈവത്തിൽനിന്നു അകന്നുപോയ ജൂതർ ദൈവത്തിങ്കലേക്ക് മടങ്ങിവരാതെ യുദ്ധംചെയ്തപ്പോൾ അവർക്ക് തോൽവി അടയേണ്ടിവന്നു. വിപ്ലവത്തിനായി ഇറങ്ങിയ ഭൂരിഭാഗം ജൂതരും കൊല്ലപ്പെട്ടു. ശേഷമുള്ളവരെ അവരുടെ ദേശത്തുനിന്നും പുറത്താക്കി. ജൂതരുടെ സ്വന്തം ഭൂമിക്ക് അവരുടെ ശത്രുക്കളായിരുന്ന ഫെലിസ്ത്യരുടെ നാമത്തിൽ റോമക്കാർ പാലസ്തീൻ എന്നാക്കി മാറ്റിയത് അപ്പോഴായിരുന്നു.


ഹിറ്റ് ലറിന്റെ വാഴ്ചയുടെ കാലത്ത് ജൂതർ

എന്നാൽ ലോകമെങ്ങും ചിതറിപ്പോയ ജൂതാ ജനതയെക്കുറിച്ച് ഈജിപ്തിൽ അവർ അടിമകളായി കഴിഞ്ഞിരുന്ന വേളയിൽതന്നെ ദൈവം വാഗ്ദത്തം ചെയ്തിരുന്നത് ഇപ്രകാരമാണ്: ''നിന്റെ ദൈവമായ യഹോവ നിന്നെ ചിതറിച്ചിരിക്കുന്ന സകലജാതികളിൽനിന്നും കൂട്ടിച്ചേർക്കുകയും ചെയ്യും. നിനക്കുള്ളവർ ആകാശത്തിന്റെ അറുതിവരെ ചിതറിപ്പോയിരുന്നാലും നിന്റെ ദൈവമായ യഹോവ അവിടെ നിന്ന് നിന്നെ കൂട്ടിച്ചേർക്കും. അവിടെനിന്ന് അവൻ നിന്നെ കൊണ്ടുവരും. നിന്റെ പിതാക്കന്മാർക്ക് കൈവശമായിരുന്ന ദേശത്തേക്ക് നിന്റെ ദൈവമായ യഹോവ നിന്നെ കൊണ്ടുവരും നീ അതു കൈവശമാക്കും'' ആവ.30:3,5. റോമക്കാരുടെ ആക്രമണത്തിൽ ജൂതർ ലോകമെങ്ങും ചിതറപ്പെട്ടുപോയ കാലം ലോകമെങ്ങുമുള്ള അടിമചന്തകൾ ജൂതരെക്കൊണ്ട് നിറഞ്ഞിരുന്നു. കഠിനമായ പീഡനം ഏൽക്കേണ്ടി വന്നപ്പോഴും തങ്ങളുടെ യഹൂദാപദവിയെ അവർ തള്ളികളഞ്ഞില്ല. ചെന്ന രാജ്യങ്ങളിലെല്ലാം അവർ ജൂതരായിതന്നെ ജീവിച്ചു.

തുടർന്ന് യെരുശലേം മുസ്ലീങ്ങൾ കയ്യേറുകയും യെഹൂദന്മാർക്ക് യെരുശലേം പട്ടണത്തിൽ താമസിക്കുന്നതിനുള്ള അനുവാദം നിരോധിക്കുകയും ചെയ്തു. ഇസ്ലാം മതം ജൂതർ സ്വീകരിക്കാത്തതിനാൽ ഒട്ടനവധി ജൂതർ കൊല്ലപ്പെട്ടു. വീണ്ടും പീഢനങ്ങളുടെ കാലങ്ങളിൽകൂടി അവർ കടന്നുപോയ്ക്കൊണ്ടിരുന്നു.

1877-ൽ സീയോൻ സംഘം യെഹൂദാ രാജ്യത്തിനുവേണ്ടി രൂപീകരിക്കപ്പെട്ടത് യെഹൂദാ ചരിത്രത്തിലെ ഒരു വഴിത്തിരിവായി നഷ്ടപ്പെട്ട തങ്ങളുടെ ദേശം സ്വന്തമാക്കാനുള്ള കരുത്തോടെ അവർ മുന്നേറുവാൻ തുടങ്ങി. തുടർന്ന് ഒന്നാം ലോകമഹായുദ്ധകാലം അവിടെയും ജൂതർക്ക് നിരവധി പീഢനങ്ങൾ ഏൽക്കേണ്ടിവന്നു. എന്നാൽ 1910 ജൂൺ മാസത്തിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ബാൽഫർ വിളമ്പരം യെഹൂദന്മാർക്ക് നാഴികകല്ലായിമാറി. 1917-ഡിസംബർ 11-ന് ഒരു വെടിപോലും ഉതിർക്കാതെ ജനറൽ അല്ലൻബിയിൽക്കൂടി ജൂതർക്കനുകൂലമായ പ്രഖ്യാപനം വന്നു. യെഹൂദന്മാരുടെ സ്വന്തം ദേശത്തേക്കുള്ള മടങ്ങിവരവ് തുടർന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ നാസികൾ ജൂതരെ നിഷ്ക്കരണം ഗ്യാസ്ചേംബറിലിട്ട് കൊന്നൊടുക്കി. ഭയാനകമായ ഹിറ്റ്ലർ വാഴ്ചയിൽ 60 ലക്ഷം ജൂതരാണ് കൊല്ലപ്പെട്ടത് ലോകചരിത്രത്തിലെതന്നെ ഭീകര സംഭവമായിരുന്നു അത്. എന്നാൽ സകലരേയും ഞെട്ടിപ്പിക്കുമാറ് 1948 മെയ് 14-ന് യെഹൂദന്മാർക്കായി യിസ്രായേൽ രാഷ്ട്രം വീണ്ടും ലഭ്യമായി. പീഢനത്തിനും പതറാതെ കരുത്തരായി അവർ മുന്നേറി. ചരിത്രത്തെ അത്ഭുതപ്പെടുത്തിയ യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ വീണ്ടുമുള്ള രൂപീകരണം ലോകത്തിന്റെ രാഷ്ട്രീയഗതിക്കുതന്നെ മാറ്റംവരുത്തി. തുടർന്നുള്ള ലോകത്തിന്റെ ശ്രദ്ധമുഴുവൻ യിസ്രായേലിലേക്കായി. യിസ്രായേൽ രൂപീകൃതമായ അന്നുമുതൽ ഇന്നുവരെ നിരന്തരമായ ആക്രമങ്ങൾ അവർക്കെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവരുടെ ഗമനത്തെ കൂടുതൽ കരുത്തും ശക്തിയുമുള്ളതാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

**1917** | **49 വർഷങ്ങൾ 50**

## ജനറൽ അല്ലൻബിയുടെ പ്രഖ്യാപനം

ലോകത്തെ ഞെട്ടിച്ചുകൊണ്ട് ജൂതർക്കായുള്ള പ്രഖ്യാപനം

**1967** | **49 വർഷങ്ങൾ 50**

## ആറ് ദിവസത്തെ യുദ്ധത്തിലെ ജയം

ശത്രുരാജ്യങ്ങളെ അമ്പരപ്പിച്ചുകൊണ്ടുള്ള ജയം

**2017** | **49 വർഷങ്ങൾ 50**

## വീണ്ടും ചരിത്രത്തിന്റെ നെറുകയിൽ

ദൈവത്തിന്റെ അത്ഭുത ഇടപെടലുകൾ യിസ്രായേലിൽ

# ശബ്ബത്തുകളുടെ ശബ്ബത്ത്



യിസ്രായേൽ രാജ്യം ശബ്ബത്തുക്കളുടെ ശബ്ബത്ത് ആഘോഷിക്കുകയാണ്. ലേവ്യ.25:8-ൽ പറയുന്നതുപോലെ 2017 യിസ്രായേലിനു ജയാഘോഷങ്ങളുടെ വർഷമാണ്. "പിന്നെ ഏഴു ശബ്ബത്തായ ഏഴേഴു സംവത്സരം എണ്ണണം; അങ്ങനെ ഏഴു ശബ്ബത്തായ നാൽപ്പത്തൊമ്പതു സംവത്സരം കഴിയേണം. അപ്പോൾ ഏഴാം മാസം പത്താം തീയതി മഹാകാഹളം ധ്വനിപ്പിക്കേണം. പാപപരിഹാര ദിവസത്തിൽ നിങ്ങൾ നിങ്ങളുടെ ദേശത്ത് എല്ലാടവും കാഹളം ധ്വനിപ്പിക്കേണം. അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ച് ദേശത്തു എല്ലാടവും സകലനിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കേണം. അതു നിങ്ങൾക്ക് യോബേൽ സംവത്സരം ആയിരിക്കേണം; നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കു മടങ്ങിപ്പോകേണം; അമ്പതാം സംവത്സരം നിങ്ങൾക്കു യോബേൽ സംവത്സരം ആയിരിക്കേണം; അതിൽ നിങ്ങൾ വിതയ്ക്കയോ, പടുവിളവുകൊയ്കയോ വള്ളിത്തല മുറിക്കാത്ത മുന്തിരിവള്ളിയുടെ പഴം പറിക്കയോ ചെയ്യരുത്; അതു യോബേൽ സംവത്സരം ആകുന്നു. അതു നിങ്ങൾക്കു വിശുദ്ധമായിരിക്കേണം; ആയാണ്ടത്തെ അനുഭവം നിങ്ങൾ വയലിൽ നിന്നുതന്നെ എടുത്തു തിന്നേണം." ലേവ്യ.25:8-12

ഇതിനുമുമ്പ് 1967-68,1917-18 വർഷങ്ങൾ അവർക്ക് ശബ്ബത്തുകളുടെ ശബ്ബത് വർഷങ്ങളായിരുന്നു. ആവർഷങ്ങളിൽ യിസ്രായേലുമായി ബന്ധപ്പെട്ട് സുപ്രധാന ചരിത്രസംഭവങ്ങൾ ഉണ്ടായിരുന്നത് അത്ഭുതമേറിയ ഒരു വസ്തുതയാണ്. 1917-18 വർഷത്തിൽ യിസ്രായേൽ രാജ്യം വീണ്ടു ഭൂപരപ്പിൽ പിറക്കുവാൻ കാരണമായ ബ്രിട്ടീഷ് ജനറൽ അല്ലൻബിയുടെ പ്രഖ്യാപനം നടന്നത് ലോകചരിത്രത്തിലെ തന്നെ സുപ്രധാന സംഭവവും യെഹൂദനെ സംബന്ധിച്ച് ദൈവിക വാഗ്ദത്തങ്ങളുടെ പൂർത്തീകരണവും ആയിരുന്നു. ശബ്ബത്തുകളുടെ ശബ്ബത്തിലാണത് സംഭവിച്ചത്. വീണ്ടും 1967-68 യിസ്രായേൽ രാജ്യത്തെ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ട് കടന്നുവന്ന അറബ് രാജ്യങ്ങളുടെ സംയുക്ത ആക്രമണത്തിൽ യിസ്രായേലിനു ജയം ലഭിച്ച ശബ്ബത്തുകളുടെ ശബ്ബത്തായിരുന്നു അത്. മാത്രമല്ല യെരൂശലേം പട്ടണം മുഴുവനും അന്നു നടന്ന ആറുദിന (six days war) യുദ്ധത്തിൽ യിസ്രായേലിനു സ്വന്തമാവുകയും ചെയ്തു. വീണ്ടും ശബ്ബത്തുകളുടെ ശബ്ബത്തിലേക്ക് യിസ്രായേൽ പ്രവേശിക്കുകയാണ്. 2017-18 വർഷങ്ങൾ ജൂതർ ഉറ്റുനോക്കുയാണ്. പല സുപ്രധാന സംഭവങ്ങൾ യിസ്രായേലിൽ സംഭവിക്കുമെന്ന് അവർ പ്രതീക്ഷിക്കുകയാണ്. അമേരിക്കൻ പ്രസിഡന്റ് യെരൂശലേം സന്ദർശിച്ച വേള യിസ്രായേലിന്റെ ശബ്ബത്തുകളുടെ ശബ്ബത്തായ യോബേൽ സംവത്സര നാളുകളിലായിരുന്നെന്നു മാത്രമല്ല, ഔദ്യോഗിക പദവിയിലിരിക്കെ യെരൂശലേമിലെ പടിഞ്ഞാറേ മതിലിങ്കൽ (Western wall)കടന്നുവന്നു പ്രാർത്ഥനാ നിരതനായി നിന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സന്ദർശനത്തെ ജൂത റബ്ബിമാർ വളരെ സൂഷ്മതയോടെ കാണുകയും ചെയ്യുന്നു.

ട്രംപ് യിസ്രായേൽ സന്ദർശനത്തിന് എത്തുന്നതിനുമുമ്പ് യെരൂശലേമിലെ സൻഹദ്രീം സംഘത്തിന്റെ മുതിർന്ന റബ്ബി ഡോവ് സ്റ്റെയിൻ അദ്ദേഹത്തിന് ഒരു കത്തയച്ചിരുന്നു. യെരൂശലേം സന്ദർശന വേളയിൽ ട്രംപ് ടെമ്പിൾ മൗണ്ടിൽ വന്ന് പ്രാർത്ഥിക്കുവാൻ ക്ഷണിച്ചുകൊണ്ടുള്ള കത്തായിരുന്നു അത്. ബൈബിളിലെ 1 രാജാക്കന്മാർ 8:41-43 വാകൃങ്ങൾ അദ്ദേഹം ആ കത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. "അത്രയുമല്ല, നിന്റെ ജനമായ യിസ്രായേലിലുള്ളവനല്ലാത്ത ഒരു അന്യജാതിക്കാരൻ ദൂരെ ദേശത്തു നിന്നു നിന്റെ നാമം ഹേതുവായി വരികയും... ഈ ആലയത്തിലേക്കു നോക്കി പ്രാർത്ഥിക്കുകയും ചെയ്താൽ നീ നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നുംകേട്ട്...അന്യജാതിക്കാരൻ നിന്നോടു പ്രാർത്ഥിക്കുന്നതൊക്കെയും നീ ചെയ്തുകൊടുക്കേണമെ." ശലോമോൻ തന്റെ പ്രാർത്ഥനയിൽ ദൈവത്തോടു പറഞ്ഞ ഈ പ്രാർത്ഥനാ വാക്കുകളായിരുന്നു റബ്ബി സ്റ്റെയിൻ ട്രംപിന് എഴുതി അയച്ചത്. "അഥവാ അപ്രകാരം പ്രാർത്ഥിച്ചാൽ യെരൂശലേമിലെ രണ്ടാമത്തെ ആലയപണിക്കുവേണ്ടി ജാതീയരാജാവായ കോരെശിനു പങ്കുണ്ടായിരുന്നതുപോലെ മസിഹായെയും ലോകത്തിനു അത്ഭുതാപൂർണ്ണമായ അനുഗ്രഹത്തേയും കൊണ്ടുവരാനുള്ള ഒരു പ്രക്രിയയുടെ ഭാഗമായി ട്രംപിനേയും തെരഞ്ഞെടുക്കാനാകും" എന്നും റബ്ബി പറഞ്ഞു.

മാത്രമല്ല 1967 ജൂൺ 7-നു യെരുശലേം പട്ടണം ജോർദ്ദാന്റെ കൈക്കൽനിന്നു യിസ്രായേൽ പിടിച്ചടക്കിയതിന്റെ അൻപതാം വർഷം 2017 ജൂൺ 7-നു ആഘോഷിച്ചപ്പോൾ യെരൂശലേമിലും അമേരിക്കയുടെ 50 സ്റ്റേറ്റുകളിലും വീഡിയോ കോൺഫറൻസിലൂടെ യിസ്രായേലും അമേരിക്കയും നടത്തിയ പ്രത്യേക സമ്മേളനം ശ്രദ്ധേയമായിരിക്കുന്നു. മാത്രമല്ല അമേരിക്കയുടെ എംബസി ടെൽ-അവീവിൽ നിന്നും യെരൂശലേമിലേക്കു മാറ്റുമെന്ന ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്തണമെന്ന യിസ്രായേലിന്റെ ആവശ്യം ശക്തമായിരിക്കുന്ന സമയമാണിത്. ബറാക് ഒബാമയുടെ കാലത്ത് യിസ്രായേലിനോടു പലതിലും അനുകൂല സമീപനം കാട്ടാതിരിക്കുന്നതും ഒടുവിൽ ഐക്യരാഷ്ട്ര സഭയിൽ യിസ്രായേലിനെ ഒറ്റപ്പെടുത്തിയതും ഈ നൂറ്റാണ്ടിലെ അതിപ്രധാന സംഭവങ്ങളാണ്. എന്നാൽ ലോകരാജ്യങ്ങളെ ഞെട്ടിച്ചുകൊണ്ട് ഒരു അമേരിക്കൻ ബിസിനസുകാരനും ജൂതാ അനുകൂലിയുമായ ഡൊണാൾഡ് ട്രംപ് അമേരിക്കയുടെ ഭരണചക്രം തിരിക്കുവാൻ തെരെഞ്ഞെടുക്കപ്പെട്ടതും യിസ്രായേലിന്റെ ഭാവി വിഷയങ്ങളിലുള്ള പല ചരിത്രപ്രധാന തീരുമാനങ്ങൾക്കും വഴിതെളിക്കുമെന്നു ഏവരും കരുതുന്നു.

ശബ്ബത്തുകളുടെ ശബ്ബത്തിലെ പ്രധാന ഉത്സവമാണ് യഹൂദന്റെ യോം കിപ്പൂർ. 2017സെപ്റ്റംബർ യോബേൽ സംവത്സരത്തിലെ യോംകിപ്പൂറിന്റെ സമയമാണ്. യിസ്രായേലിന്റെ ചരിത്ര പ്രധാനമായ ഈ കാലഘട്ടം പുതിയനിയമയിസ്രായേൽ മക്കളായ ക്രിസ്തേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരോ ദൈവപൈതലിനും അതിപ്രധാനം തന്നെയാണെന്ന് വിസ്മരിക്കരുത്.

ഭൂരിഭാഗം ജൂതരും യിസ്രായേലിൽ എത്തുന്നതോടെ യഹൂദാ നിയമത്തിന്റെ ആചരണങ്ങൾക്ക് സമൂലമാറ്റങ്ങൾ ഉണ്ടാകും. ബൈബിൾപരമായി ഓരോ കാര്യങ്ങളും ചെയ്തെടുക്കും. അതിനുള്ള തയ്യാറെടുപ്പിനായി യെരൂശലേമിൽ സൻഗദ്രിം സംഘവും ശക്തമാക്കപ്പെട്ടുകഴിഞ്ഞു.

"ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ടു നിവർന്നു തല പൊക്കുവിൻ" ലൂക്കോ.21:28

യെഹൂദൻ യിസ്രായേലിൽ ഇന്ന് 6,014,300 ആയിക്കഴിഞ്ഞു. ജൂതർ യെരൂശലേം ദൈവാലയം പണിയുന്നതിനു ഒരുങ്ങിക്കഴിഞ്ഞു. കനാൻ നാട് സജീവമായിരിക്കുന്നത് അവർ അവഗണിച്ച ക്രിസ്തേശുവിന്റെ വാനമേഘപ്രത്യക്ഷത തന്റെ മണവാട്ടി സഭയ്ക്കായി അതിവേഗമായിരിക്കുന്നു എന്നു കാണിക്കുന്നതാണ്.




## പടിഞ്ഞാറേമതിൽ – Western Wall




അമേരിക്കയുടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യെരൂശലേമിലെ പടിഞ്ഞാറെ മതിലിൽ കൈവെച്ച് പ്രാർത്ഥിക്കുന്നു




റോമൻ ചക്രവർത്തി ടൈറ്റസ് ഫ്ളാവിയസ് യെരുശലേം ദൈവാലയം തകർത്തു. ഹെരോദാവ് മനോഹരമായി പണിത ദൈവാലയത്തിനെ കല്ല് കല്ലിന്മേൽ ശേഷിക്കാതവണ്ണം അടിസ്ഥാനങ്ങളൊക്കെ ഇളക്കിയെടുത്തു. എന്നാൽ പടിഞ്ഞാറെ മതിൽ തകർത്തില്ല. ഇന്ന് ജൂതർ ഇവിടെ നിന്നാണ് തല മതിലിൽ ഇടിച്ച് മശിഹായുടെ വരവിനായി പ്രാർത്ഥിക്കുന്നത്. മതിലിന്റെ വിടവിങ്കൽ പ്രാർത്ഥനാ വിഷയം എഴുതി തിരുകിവെക്കുകയും ചെയ്യുന്നു. അമേരിക്കൻ പ്രസിഡന്റ് ട്രംപ് ഈ മതിലിങ്കൽ ചെന്ന് പ്രാർത്ഥിച്ച സംഭവം ലോകശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

# യിസ്രായേലിലൂടെ നിവൃത്തിയാകുന്ന വാഗ്ദത്തങ്ങൾ

### കിഴക്കുനിന്നും നിന്റെ സന്തതിയെ വരുത്തും

യെഹൂദർക്കായി യിസ്രായേൽ എന്ന രാഷ്ട്രം വീണ്ടും രൂപീകൃതമാകുന്നതിനുമുമ്പ് പലസ്തീനിലേക്ക് മടങ്ങിവന്നവരിൽ 87 ശതമാനം ജൂതരും യൂറോപ്പ്യൻ രാജ്യങ്ങളിൽനിന്നുള്ളവരായിരുന്നു. അന്ന് കിഴക്കുനിന്നുള്ളവർ 10 ശതമാനം മാത്രമായിരുന്നു. എന്നാൽ ഒന്നരവർഷങ്ങൾക്കകം കിഴക്കുനിന്നു മടങ്ങിവന്നവരുടെ എണ്ണം 50 ശതമാനമായി ഉയർന്നു.

### പടിഞ്ഞാറുനിന്നും നിന്നെ ശേഖരിക്കും

യിസ്രായേലിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ലിബിയയിൽ നിന്നുള്ള ഭൂരിഭാഗം ജൂതരും പലസ്തീനിലേക്ക് മടങ്ങി. അതുപോലെ ഈജിപ്ത്, മൊറൊക്കോ, റ്റുനിസ്, അൽജീറിയ, അമേരിക്കൻ ഐക്യനാടുകൾ ലത്തീൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നും ജൂതർ സ്വന്തം നാട്ടിലേക്കു മടങ്ങിക്കൊണ്ടിരിക്കുന്നു.

### ഞാൻ വടക്കിനോട് തരിക എന്നും

യിസ്രായേലിന്റെ വടക്കുണ്ടായിരുന്ന റഷ്യയിൽ നിന്നും ധാരാളം ജൂതർ സ്വന്തം നാട്ടിലേക്ക് മടങ്ങി. ചെക്കസ്ലോവ്യ, തുർക്കി, ബൾഗേറിയ, യുഗ്ലോസോവിയ ,യുക്രൈൻ എന്നിവിടങ്ങളിൽ നിന്നെല്ലാം ജൂതർ മടങ്ങിവന്നുകൊണ്ടിരിക്കുന്നു.

### തെക്കിനോടു തടുത്തുവെക്കരുതെന്നും കൽപ്പിക്കും

തെക്കേ അറ്റത്തുള്ള യെമൻ എന്ന അറബ് ദേശത്ത് ലോകത്ത് ഏറ്റവും പുരാതനമായ യെഹൂദാ സമൂഹം പാർത്തിരുന്നതാണ്. അവിടെനിന്നും ജൂതർ ഒന്നടങ്കം മടങ്ങി. 2016-ഓടെ അവസാന ജൂതരും യെമനിൽനിന്നും യിസ്രായേലിൽ എത്തിച്ചേരുകയുണ്ടായി.




## യെരൂശലേം ദൈവാലയത്തിനായി പൗരോഹിത്യം പുന:സ്ഥാപിക്കാൻ നീക്കങ്ങൾ

ജൂതർ പണിയുവാൻ തയ്യാറായിരിക്കുന്ന യെരുശലേം ദൈവാലയത്തിനു വേണ്ടി പൗരോഹിത്യ ശുശ്രൂഷ നടത്തപ്പെടുന്നതിനായി പൗരോഹിത്യം പുന:സ്ഥാപിക്കുന്നതിനായി ജനിതകശാസ്ത്രത്തിലേക്ക് യിസ്രായേൽ റബ്ബി യാക്കോവ് ക്ലേയ്മാൻ ചുവട് വെച്ചിരിക്കുകയാണ്. “യിസ്രായേൽ മക്കൾ എന്നെവിട്ട് തെറ്റിപ്പോയ കാലത്ത് എന്റെ വിശുദ്ധമന്ദിരത്തിന്റെ കാര്യവിചാരണ നടത്തിയിരുന്ന സാദോക്കിന്റെ പുത്രന്മാരായ ലേവ്യപുരോഹിതന്മാർ എനിക്കു ശുശ്രൂഷചെയ്യേണ്ടതിന് എന്നോട് അടുത്തുവരികയും മേദസ്സും രക്തവും അർപ്പിക്കേണ്ടതിന് എന്റെ മുമ്പാകെ നിൽക്കയുംവേണം. എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്” യെഹ.44:15. “രണ്ടായിരത്തിലേറെ വർഷങ്ങൾ പ്രവാസത്തിൽ ആയിരുന്നിട്ടും ഞങ്ങളുടെ മതം, ആചാരങ്ങൾ ജനിതക ഐഡന്റിറ്റി എന്നിവ നിലനിർത്തുവാൻ ഞങ്ങൾക്കു കഴിഞ്ഞത് യെഹൂദാ ജനവും ദൈവത്തിന്റെ നിയമങ്ങളുമായുള്ള അത്ഭുതമേറിയ ഉടമ്പടിയായിരുന്നു” റബ്ബി യാക്കോവ് പറഞ്ഞു. പൗരോഹിത്യത്തിന്റെ പുന:സ്ഥാപനത്തിനായി അദ്ദേഹം യെരൂശലേമിൽ ‘സെന്റർ ഫോർ കൊഹാനിം’ ആരംഭിക്കുകയുണ്ടായി. പൗരോഹിത്യത്തിന്റെ ‘DNA Evidence of priesthood’ എന്ന പേരിൽ ഒരു പുസ്തകവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുഖ്യപുരോഹിതനായിരുന്ന അഹരോന്റെ പിൻഗാമികളെ കണ്ടെത്തുവാനാണ് ശ്രമം.

“പ്രവചനമനുസരിച്ച് മൂന്നാമത് ആലയം പണിയപ്പെടും. എന്നാൽ അതിനായി പുരോഹിതന്മാരെ കണ്ടെത്തേണ്ടത് ആവശ്യമാണ്. കോഹനീം (പുരോഹിതർ) ദൈവാലയത്തിന്റെ പ്രതിപുരുഷരാണ്. അവരെ കൂടാതെ അതു ശൂന്യമായ കെട്ടിടമാകും” റബ്ബി യാക്കോബ് പറഞ്ഞു.

അദ്ദേഹം തന്റെ കുടുംബത്തിന്റെ തന്നെ 106 തലമുറകളുടെ ഒരു പകർപ്പ് തയ്യാറാക്കി. ഏതുവിധേനയും പുരോഹിതഗോത്രത്തെ കണ്ടെത്തുവാൻ കഴിയുമെന്ന് അദ്ദേഹം കരുതുന്നു. “അവരും അവന്റെ സന്തതിക്കും നിത്യപൗരോഹിത്യത്തിന്റെ നിയമം ആകുന്നു.” എന്ന് സംഖ്യ 25:13-ൽ പറയുന്നു. പുരോഹിതന്മാർ ലേവി ഗോത്രത്തിന്റെ ഒരു ഉപഘടകമാണ്.

ലോകമെങ്ങും അധിവസിക്കുന്ന ക്രൈസ്തവർക്ക് ഏബ്രായ ബൈബിൾ-തോറാ പഠിക്കുവാൻ യെഹൂദാ റബ്ബി റ്റുലി വെയ്സ് അത്യാധുനിക സാങ്കേതിക മാധ്യമങ്ങളിൽ കൂടി അവസരം ഒരുക്കുകയാണ്. Yeshiva for the Nations മശിഹ ലോകരാജ്യങ്ങൾക്കായ് എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം. യഹൂദതേതരായവരും യഹൂദാമതവും, യഹൂദാബൈബിളും, ജൂതാചരിത്രവും അറിയേണ്ടതിനാണ് അദ്ദേഹം ഈ പഠനപരമ്പരയ്ക്കായി തയ്യാറായിരിക്കുന്നത്. ഏബ്രായാ ബൈബിൾ ആധികാരികമായി പഠിപ്പിക്കും. “യെരുശലേമിൽ നിന്നും ‘വേർഡ് ഓഫ് ഹഷേം’ അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും. സകലജാതികളും അതിലേക്ക് ഒഴുകിചെല്ലും... സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും”. യെശ.2:2,3

2015 ഒക്ടോബറിലെ കൂടാര ഉത്സവമായ സൂക്കോത്തിന്റെ സമയത്താണ് ഇങ്ങനൊരു ആശയം റബ്ബിക്ക് ലഭ്യമായത്. Word of Hashem from Jerussalam സീയോനിൽ നിന്നും വചനവും എന്ന ദൈവവചനത്തിന്റെ നിവർത്തീകരണമാണിത്. ഇന്നുവരെയും സംഭവിക്കാത്ത ഒരു കാര്യം കൂടിയാണിത്. മുമ്പുകൂട്ടിതയ്യാറാക്കിയ വീഡിയോ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് നൽകും.

ബൈബിളിൽ ഏതാണ്ട് 170 പ്രാവശ്യം ‘സീയോൻ’എന്ന പേര് പരാമർശിച്ചിട്ടുണ്ട്. ഇത് യെരൂശലേമിനെകുറിക്കുന്നതാണ്. 102-ാം സങ്കീർത്തനം സീയോനുവേണ്ടിയുള്ള ദൂതാണ്. “നീ എഴുന്നേറ്റ് സീയോനോട് കരുണകാണിക്കും; അവളോടു കൃപ കാണിപ്പാനുള്ള കാലം അതേ, സമയം വന്നിരിക്കുന്നു. നിന്റെ ദാസന്മാർക്കു അവളുടെ കല്ലുകളോട് താല്പ്പര്യവും അവളുടെ പൂഴിയോട് അലിവും തോന്നും. യഹോവ സീയോനെ പണികയും തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകയും...”സങ്കീ.102:13-15.

‘യെരുശലേം’ എന്ന തലസ്ഥാനനഗരിയെ അഥവാ ദൈവീകനഗരത്തെ ഭൂമിയിലെ നേതാക്കൾ പലരും പുച്ഛിക്കുന്നു. എന്നാൽ ദൈവവചനം പറയുന്നത് ശ്രദ്ധിക്കുക. “ജാതികൾ യഹോവയുടെ നാമത്തെയും ഭൂമിയിലെ സകല രാജാക്കന്മാരും നിന്റെ മഹത്വത്തേയും ഭയപ്പെടും”. സങ്കീ. 102:17 ഇനി ഭൂലോകം കാണുവാൻ പോകുന്നത് അതുതന്നെയാണ്.

### നിറവേറപ്പെടുന്ന വാഗ്ദത്തങ്ങൾ

# അടയാളങ്ങളുടെ അവസാനം

“നീ എഴുന്നേറ്റ് സീയോനോട് കരുണകാണിക്കും; അവളോടു കൃപ കാണിപ്പാനുള്ള കാലം അതേ, സമയം വന്നിരിക്കുന്നു. നിന്റെ ദാസന്മാർക്കു അവളുടെ കല്ലുകളോട് താല്പ്പര്യവും അവളുടെ പൂഴിയോട് അലിവും തോന്നും” സങ്കീർത്തനം 102:13,14

## 2016-ൽ യിസ്രായേലിൽ കുടിയേറിപ്പാർത്ത ജൂതർ

| | |
|---|---|
| റഷ്യ-സംയുക്തരാജ്യങ്ങളിൽനിന്നും | 6,992 |
| യുക്രൈനിൽനിന്നും | 5,809 |
| ഫ്രാൻസിൽനിന്നും | 4,239 |
| അമേരിക്കയിൽനിന്നും | 2,682 |

2016-ൽ യിസ്രായേലിൽ അലിയയായി എത്തിയ ജൂതരുടെ ആകെ സംഖ്യ **25,977**

## 2016-ൽ യിസ്രായേൽ നഗരങ്ങളിലെത്തിയ ജൂതർ

| | | | | | |
|---|---|---|---|---|---|
| യെരൂശലേം | 3,045 | ബേർശേബ | 836 | നാഹാരിയ്യാ | 343 |
| ടെൽഅവീവ് | 2,819 | അഷ്ലോൻ | 766 | ഹോളോൻ | 383 |
| നെതന്യാ | 2,303 | രാൻന്നാന | 856 | കർമ്മേൽ | 384 |
| ഹൈഫ | 2,090 | ബേത്ശെമശ് | 587 | ഖിർയാത്യാം | 405 |
| അഷ്ദോദ് | 1,416 | ഏലാത് | 489 | രമാത്ഗാൻ | 340 |
| ബാത്യാം | 1,248 | പേതാതികുവാ | 534 | ഹദേരാ | 284 |
| റിഷോൻലസ്സിയോൻ | 774 | ഹെസ്ലിയ്യാ | 477 | | |

source:cbs/Israel

### അലിയയുടെ ആരവം

2016-ൽ അലിയയായി എത്തിയവരിൽ 4,528 പേർ പതിന്നാലു വയസ്സു വരെ പ്രായമുള്ള കുട്ടികളും 17,807 പേർ 15 മുതൽ 64 വയസ്സുവരെ പ്രായമുള്ളവരുമാണ്. 3,898 പേർ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. 2005-ൽ യിസ്രായേലിലെ ജനസംഖ്യ 6,276,883 ആയിരുന്നു. 2017 ഏപ്രിലിലെ കണക്കു പ്രകാരം അത് 8,680,000 ആണ്. ഇതിൽ ജൂതരുടെ സംഖ്യ 6,484,000




# ബൈബിൾ പുസ്തകങ്ങൾ എബ്രായ ഭാഷയിലൂടെ

മാത്യു ഫിലിപ്പ്, തിരുവല്ല

ആരം 22

# ബൈബിൾ ചക്രം



# THE BIBLE WHEEL

## ഏബ്രായ അക്ഷരമാലയുടെ ദിവ്യരൂപകല്പന

## 22 അക്ഷരങ്ങളുടെ പ്രതിരൂപാത്മക സാരം.

" ലോകത്തിൽ വിവിധ ഭാഷകൾ അനവധിയുണ്ട്. അവയിലൊന്നും തെളിവില്ലാത്തതല്ല. ഞാൻ ഭാഷ അറിയാഞ്ഞാൽ സംസാരിക്കുന്നവന് ഞാൻ ബർബരൻ ആയിരിക്കും; സംസാരിക്കുന്നവൻ എനിക്കും ബർബ്ബരൻ ആയിരിക്കും. അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെക്കുറിച്ച് വാഞ്ഛയുള്ളവരാകയാൽ സഭയുടെ ആത്മവർദ്ധനെക്കായി സഫലന്മാർ ആകുവാൻ ശ്രമിപ്പിന്." (1 കൊരി.14:10–12)

വേദപുസ്തക ചക്രത്തിന്റെ ആവിഷ്ക്കാരത്തിലൂടെ കണ്ടെത്തിയ അത്ഭുതങ്ങളിൽ ഏറ്റവും അർത്ഥപൂർണമായത് –ഓരോ ആരത്തിലുമുള്ള മൂന്നു ഗ്രന്ഥങ്ങൾ തമ്മിലും അതോടനുബന്ധിച്ചിട്ടുള്ള ഏബ്രായ അക്ഷരവുമായുള്ള ആശയപരമായ ഐക്യവും അവയെ തമ്മിൽ ഇണക്കിച്ചേർത്തിരിക്കുന്ന വിധാന ചാതുരിയുമത്രെ. ഇതു വ്യക്തമായി ഗ്രഹിക്കുവാൻ ഓരോ അക്ഷരത്തിന്റെയും പ്രതിരൂപകാത്മകസാരം കണ്ടെത്തണം. മൌലികമായ അഞ്ചു ഉറവുകളിൽ നിന്നാണ് അവ രൂപീകൃതമായത്.

1) അക്ഷരനാമം,
2) അക്ഷരശ്രേണിയിൽ അതാതിന്റെ സ്ഥാനം,
3) അക്ഷരമാലയുടെ താക്കോൽ വാക്കു (സൂത്രപദങ്ങൾ),
4.) ഏബ്രായഭാഷയുടെ വ്യാകരണത്തിൽ അതു വഹിക്കുന്ന പങ്ക്,
5.) ഏബ്രായ പദങ്ങൾക്കു രൂപം നൽകുവാൻ മറ്റക്ഷരങ്ങളുമായി അത് ചേരുന്ന രീതി എന്നിവയാണ്. ഇവ വളരെ ഇറുക്കത്തോടെ ഉൽഗ്രഥിച്ചിട്ടുള്ളവയുമത്രെ.

### അക്ഷര നാമങ്ങൾ: (സങ്കീ147:4 – 6)

അക്ഷരനാമങ്ങൾ അവയുടെ പ്രതീകാത്മകസാരം വെളിപ്പെടുത്തുവാൻ പോകുന്ന ആവശ്യഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ഉദാഹരണമായി–അവസാന അക്ഷരം താവ്: ഒരു അടയാളം, ചിഹ്നം, കുരിശ് എന്നിവയെ ദ്യോതിപ്പിക്കുന്നു. ഈ അക്ഷരശ്രേണിയിലെ ഓരോ അക്ഷരവും നിരവധി ചരിത്രരേഖകളുടേയും ദൈവനിശ്ചയ പ്രകാരവുമായ ആശയങ്ങളിൽ അടിസ്ഥാനപ്പെട്ട് നിയമിക്കപ്പെട്ടതത്രെ. ചിത്രത്തിലെ ഏഴു അക്ഷരമാലാ വാക്യങ്ങൾ ശ്രദ്ധിക്കുക. (ചാർട്ട് 1)

### അക്ഷരങ്ങളുടെ സ്ഥാന ക്രമം (യെശ.44:6-7)

"യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല. ഞാൻ പുരാതനമായൊരു ജനത്തെ സ്ഥാപിച്ചതുമുതൽ ഞാൻ എന്നപോലെ വിളിച്ചുപറകയും പ്രസ്താവിക്കുകയും ചെയ്യുന്നവൻ ആർ? സംഭവിക്കുന്നതും സംഭവിക്കാനുള്ളതും അവർ പ്രസ്താവിക്കട്ടെ"

അക്ഷരമാലയിലെ ശ്രേണിയിൽ ഓരോ അക്ഷരവും നിൽക്കുന്ന സ്ഥാനം വളരെ അർത്ഥവത്തായിട്ടുള്ളതുമത്രെ. ആദ്യത്തെയും അവസാനത്തേതുമായ ആലെഫ്, താവ് അക്ഷരങ്ങൾ തന്നെ എടുക്കാം. യവനഭാഷയിലെ അൽഫാ,ഒമേഗയുടെ സ്ഥാനങ്ങളിൽ നിൽക്കുന്ന ഈ അക്ഷരങ്ങൾ വെളിപ്പാട് 1:8–ലും ഇതരഭാഗങ്ങളിലും തന്നെത്താൻ വെളിപ്പെടുത്തുവാൻ ക്രിസ്തു ഉപയോഗിച്ചിട്ടുണ്ട്. പത്തു കൽപ്പനകൾ, ഏഴുദിവസങ്ങളിലെ സൃഷ്ടി, ഏഴു മുദ്രകൾ എന്നിങ്ങനെ വേദപുസ്തകപരമായ ശ്രേണികൾ അണിചേർക്കുവാൻ ഒന്നുമുതലുള്ള പത്തു അക്ഷരങ്ങൾ ഉപയോഗിക്കുമ്പോൾ അവയുടെ സ്ഥാനവും അർത്ഥവും തമ്മിലുള്ള ബന്ധം പ്രധാനപ്പെട്ടതാണല്ലോ. ഇതുപോലെ മറ്റ് അക്ഷരങ്ങളുടെ കഥയും വിഭിന്നമല്ല.

### അക്ഷരമാലാ വാക്യങ്ങളും സൂത്രപദങ്ങളും

(മത്തായി.7:24 – 25)

"ആകയാൽ എന്റെ ഈ വചനങ്ങളെകേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു,നദികൾ പൊങ്ങി,കാറ്റടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല."

ദൈവത്തിന്റെ നിത്യവചനത്തിലെ അക്ഷരമാലാ വാക്യങ്ങളിൽ നല്കപ്പെട്ടിരിക്കുന്ന താക്കോൽ (സൂത്ര)പദങ്ങളിലെ ഏബ്രായാ അക്ഷരങ്ങളുടെ ഉത്ഭവവിവരം ദൈവത്താൽ സ്ഥാപിതമത്രെ. നമ്മുടെ ഭവനം പണിയപ്പെട്ടിരിക്കുന്ന അടിസ്ഥാന പാറ തന്നെയാണവ. വേദപുസ്തക ചക്രത്തിലെ അക്ഷരമാലയുടെ അടിസ്ഥാന വലയം ദൈവനിർമ്മിതവും ദൈവവചനം അവയുടെ മേൽ പണിയപ്പെട്ടതുമത്രെ. വേദപുസ്തകം മുഴുവനും പ്രതിഫലിക്കുന്നതാണ് മഹാവചന സങ്കീർത്തനമെന്ന് അറിയപ്പെടുന്ന 119 പരിശോധിച്ചാൽ ഈ പ്രസ്താവന അന്വർത്ഥമെന്ന് തെളിയും. 16–ാമത്തെ അക്ഷരം അയിൻ (കണ്ണ്) 34–ാം സങ്കീർത്തനത്തിൽ അക്ഷരമാലാഘടന പ്രകാരം സ്ഥാപിതമത്രെ. യഹോവയുടെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു (വാ.15). ഈ വാക്യം വേദപുസ്തകത്തിൽ ഒരിക്കൽ ഉദ്ധരണിയായി 1 പത്രോസ് 3:12–ൽ കാണുന്നു. (16–ാം ആരത്തിലെ ലേഖനം) സുപ്രധാന വിഷയങ്ങൾ ഈ ആരത്തിലെ മൂന്നു ഗ്രന്ഥങ്ങളിലും പരസ്പ്പരബന്ധിതമായിരിക്കുന്നു. 119 –ാം സങ്കീർത്തനത്തിലെ 176 വാക്യങ്ങൾ 22 ഖണ്ഡികകളായി 8 വാക്യങ്ങൾ വീതം തിരിച്ചിരിക്കുന്നത് അക്ഷരമാലയിലെ ഓരോ അക്ഷരത്തിന്റേയും 8 വാക്യങ്ങൾ അതാതു അക്ഷരങ്ങളാൽ ആരംഭിക്കുന്നു. ആലെഫ് മുതൽ താവ് വരെ ക്രമമായി ശ്രേണിയായി നൽകുന്നതിലൂടെ ദൈവവചനത്തിന്റെ മഹത്വം നിറവേറിയിരിക്കുന്നു.

### വ്യാകരണധർമ്മങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രതീകസാരം.

യെഹെസ്കേൽ.37:7–10 വായിക്കുക. വേദപുസ്തക ചക്രത്തിന്റെ പൂർത്തീകരണത്തിൽ അസ്ഥി, അസ്ഥിയോടു വന്നു ചേർന്നപ്പോൾ 22 ആരങ്ങളും പൂർണ്ണമായി. ഇവിടെ അസ്ഥി എന്നത് ഓരോ പുസ്തകമത്രെ. രണ്ടാംഘട്ടത്തിൽ അസ്ഥിയെ മൂടുന്നതിന് അവയുടെ മേൽ ഞരമ്പുകൾ, മാംസം, ത്വക് എന്നിവ വന്നുചേരുന്നത് തിരുവചനശരീരം വടിവോടെ രൂപംകൊള്ളുവാൻ ഓരോ ആരത്തിനും മുമ്മൂന്നു ഗ്രന്ഥങ്ങൾ വീതം ദൈവത്തിന്റെ ദിവ്യജ്ഞാനാനുസൃതം രൂപം കൊണ്ടു. തന്റെ ഇടിമുഴക്ക ശബ്ദത്താൽ നിത്യമായ വചനചക്രത്തിന് അങ്ങനെ രൂപ–ഭാവങ്ങൾ കൈവന്നു. ഓരോ അക്ഷരവും അതതിന്റെ സ്വതസിദ്ധമായ പ്രതീകസാരം വാക്കുകളിലേക്ക് സന്നിവേശിപ്പിച്ചുകൊണ്ട് വചനത്തെ ദൈവം രൂപ കല്പന ചെയ്തു. ചില വാക്കുകൾക്ക് മുമ്പായോ പിമ്പായോ ചേർക്കുവാൻ ഉപസർഗ്ഗ (പ്രിഫിക്സ്) മായിട്ടും പ്രത്യയ (സഫിക്സ്) മായിട്ടും ചില അക്ഷരങ്ങളെ കൂട്ടി നിയോഗിച്ചപ്പോൾ വ്യാകരണധർമ്മം അത്ഭുതകരമായി സാക്ഷാത്കരിക്കപ്പെട്ടു.

### ബേത്– ഉപസർഗ്ഗപദം

(ഉള്ളിൽ (in),കൂടെ (with),ആൽ (by) തുടങ്ങിയ ഗതിചിഹ്നം

"എന്റെ ഉള്ളം യഹോവയിൽ (in) പ്രശംസിക്കുന്നു. എളിയവർ അതു കേട്ട് സന്തോഷിക്കുന്നു"(സങ്കീ.34:2)

(ചാർട്ട് 2)

രണ്ടാം അക്ഷരമായ ബേയ്ത്–ന് 'ഗൃഹം' എന്നാർത്ഥം. ഇതിന് പ്രാചീന എബ്രായ ചിഹ്നമായി ഒരു കൂടാര ചിത്രം ഉപയോഗിച്ചിരിക്കുന്നു. ഈ ചിത്രം 90 ഡിഗ്രി വലത്തേക്ക് തിരിച്ചാൽ ലത്തീൻ/ഇംഗ്ലീഷ് b കിട്ടുന്നു. പുറപ്പാടിലെ ദൈവഭവനമായ സമാഗമനകൂടാരത്തിന്റെ രൂപം നമ്മുടെ ഉള്ളിൽ അങ്കൂരിപ്പാൻ ഇത് ഇടനൽകു

ബാക്കി പേജ് 9–ൽ

| Letter Names in the Alphabetic Verses | |
|---|---|
| י | 10th Letter Yod (Hand): Lam 1:10, 4:10, Prov 31:19, Ps 119:73 |
| כ | 11th Letter Kaph (Palm of the Hand): Prov 31:20 |
| ס | 15th Letter Samek (Support): Ps 111:8a; 112:8a,119:116,117, 145:14 |
| ע | 16th Letter Ayin (Eye): Lam 3:49, 3:51, Ps 25:15, 34:15, 119:123, 145:15. |
| פ | 17th Letter Pey (Mouth): Prov 31:26, Ps 34:16, 119:131, 145:16 |
| ר | 20th Letter Resh (Head): Ps 119:160 |
| ש | 21st Letter Shin (Tooth): Ps 112:10b |

ചാർട്ട് 1


ചാർട്ട് 2

| בּ | Bet Prefix |
|---|---|
| בִּיהוה | B'YHVH: IN the LORD |
| בִּשְׂפָתַי | Bisphati: WITH my lips |
| בְּדֶרֶךְ | B'derek: IN the way |

ചാർട്ട് 3

| ל | Lamed Prefix |
|---|---|
| לְעוֹלָם | L'olam: FOR ever |
| לְהוֹדִיעַ | L'hodia: TO make known |
| לְמַעַן־שְׁמֶךָ | L'ma'an-shimka: FOR thy name's sake |







# News

ഫ്ളയിം ഓഫ് റിവൈവൽ 10-ാം വർഷത്തിലേക്ക് പ്രവേശിച്ചു

## സൈന്യത്താലുമല്ല; ശക്തിയാലുമല്ല...

കർത്താവിൽ പ്രിയരെ,

ആഗോളവ്യാപകമായ ദൈവസഭയുടെ ആത്മിക ഉണർവ്വ് ലക്ഷ്യമാക്കികൊണ്ട് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഫ്ളയിം ഓഫ് റിവൈവൽ പ്രസിദ്ധീകരണത്തിന്റെ 10-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 2008 മാർച്ച് മാസം മുതലാണ് ഫ്ളയിം പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയത്. അന്നുമുതൽ ഇന്നുവരെയും മുടക്കം കൂടാതെ പത്രം പ്രസിദ്ധീകരിക്കുവാനായത് ക്രിസ്തുയേശുവിന്റെ കൃപയാൽ മാത്രമാണ്.

''സൈന്യത്താലല്ല ശക്തിയാലുമല്ല; എന്റെ ആത്മാവിനാലത്രെ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു'' (സെഖ4:6) നമ്മുടെ ആപ്തവാക്യം ഇതു തന്നെയാണ്. പരിശുദ്ധാത്മാവിന്റെ അത്ഭുതമേറിയ കൂട്ടായ്മയാണ് നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടേയും ശക്തി. അവൻ നമ്മുടെ കാര്യസ്ഥനാണ്. എല്ലാറ്റിന്റേയും ഉടമസ്ഥൻ ആ കർത്താവാണ്. 2008 മുതൽ ഫ്ളയിമിന്റെ ഓരോ ലക്കങ്ങളും പുറത്തിറങ്ങുവാൻ പരിശുദ്ധാത്മാവ് സഹായിച്ചു. സർവ്വശക്തനായ ദൈവത്തിനു എല്ലാ മഹത്വവും കരേറ്റുന്നു.

ഫ്ളയിം ഓഫ് റിവൈവൽ പ്രാർത്ഥനാ തൽപ്പരരായ പ്രിയപ്പെട്ടവരുടെ കരങ്ങളിലെല്ലാം എത്തിച്ചേരണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഓരോ ലക്കങ്ങളിലും പ്രസിദ്ധീകരിക്കുന്ന പ്രാർത്ഥനാവിഷയങ്ങൾ ദൈവജനത്തിന് പ്രാർത്ഥനയ്ക്ക് കൂടുതൽ പ്രയോജനപ്പെടുന്നുവെന്ന് അറിയിക്കുന്നുണ്ട്.

ഫ്ളയിം ഓഫ് റിവൈവൽ മലയാളികളായ പ്രിയപ്പെട്ടവരുടെ സാമ്പത്തിക കൈത്താങ്ങലിനാലാണ് പ്രസിദ്ധീകരിക്കുന്നത്. യാതൊരുവിധ വിദേശസഹായമോ മറ്റു പ്രസ്ഥാനങ്ങളോ ഈ പ്രവർത്തനത്തെ സഹായിക്കുന്നില്ല. നൂറുരൂപ വരിസംഖ്യയായി വെച്ചിട്ടുണ്ടെങ്കിലും ആരിൽനിന്നും നിർബന്ധപൂർവ്വം അത് ഈടാക്കുന്നില്ല. ഇതു ബിസിനസ് ലാക്കോടെ പ്രസിദ്ധീകരിക്കുന്നതും അല്ല. ഇക്കാരണത്താൽ പരസ്യങ്ങൾ നമ്മൾ പ്രസിദ്ധീകരിക്കുന്നില്ല. ഫ്ളയിം ഓഫ് റിവൈവൽ ഒരെണ്ണം പോസ്റ്റ് ചെയ്യുന്നതിന് 4 രൂപ സ്റ്റാമ്പും 4 രൂപാ പ്രിന്റിംഗിന്റെ ചെലവിനും വേണ്ടിവരുന്നു. ഒരാളുടെ കൈയിൽ ഫ്ളയിം ഒരു വർഷം എത്തിക്കുന്നതിന് നൂറുരൂപയോളം നമുക്കു ചെലവാകുന്നുണ്ട്. വായനക്കാരായ ദൈവമക്കൾ നൽകുന്ന സംഭാവനകൾകൊണ്ടാണ് പത്രം മുടങ്ങാതെ പ്രിന്റുചെയ്യുവാൻ കഴിയുന്നത്. ഫ്ളയിം ഓഫ് റിവൈവൽ നിങ്ങൾക്കു പ്രയോജനകരമാകുന്നുവെങ്കിൽ ഈ ശുശ്രൂഷയോർത്ത് പ്രാർത്ഥിക്കുകയും വരിസംഖ്യയും സംഭാവനയും അയച്ചുതരികയും ചെയ്യുന്നത് ഈ പ്രവർത്തനത്തിന് ഏറെ സഹായകമാണ്.

എല്ലാറ്റിനും നമ്മെ സഹായിക്കുന്ന പിതാവാം ദൈവത്തിനു എല്ലാ മഹത്വവും കരേറ്റുന്നു. നമ്മുടെ പ്രാണപ്രിയനാം യേശുകർത്താവിന്റെ വാനമേഘപ്രത്യക്ഷത ഏറെ ആസന്നമായിരിക്കയാൽ കഴിവാറായ ഈ പകൽക്കാലം നമുക്ക് ഒത്തൊരുമിച്ച് സുവിശേഷവേലയിൽ മുന്നേറാം.

ഈ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുക: സാമ്പത്തികമായി സഹായിക്കുക; ശുശ്രൂഷയ്ക്കായി ഒപ്പം അണിചേരുക. പരിശുദ്ധാത്മാവാം ദൈവം നമ്മെ ശക്തീകരിക്കട്ടെ!

പ്രാർത്ഥനയോടെ

സാജൻ പോൾ

## ആരാധനാലയത്തിന്റെ പുന:നിർമ്മിതിക്കായി...

പാപ്പാക്കുഡിയിലെ ആരാധനാലയം



തമിഴ്നാട്ടിലെ പാപ്പാക്കുഡിയിലുള്ള നമ്മുടെ ആരാധനാലയത്തിന്റെ ഓലയും മരത്തൂണുകളും ചിതൽക്കയറി ദ്രവിച്ചു. സൈഡുകൾ ഓലകൊണ്ട് മറച്ച ആലയത്തിൽ ഉള്ളിലുള്ള മരത്തൂണുകളിലാണ് ചിതൽ കയറിയത്. കീടനാശിനി കൊണ്ടൊന്നും ചിതൽ മാറിയില്ല. എത്രയുംവേഗം ഈ ആലയം പുതുക്കി പണിയേണ്ടത് അത്യാവശ്യമായിരിക്കുന്നു. സൈഡുകൾ ചെങ്കല്ലുകൊണ്ട് കെട്ടിമറച്ച് ഓലമേഞ്ഞ് പണിയണമെന്നാണ് ആഗ്രഹിക്കുന്നത്. മരത്തൂണുകൾ മാറ്റിയിട്ട് ഇരുമ്പു തൂണുകൾ പിടിപ്പിക്കേണ്ടതുണ്ട്. ആലയത്തിന്റെ പുന:നിർമ്മാണത്തിനായി നാൽപ്പത്തയ്യായിരം രൂപയോളം നമുക്കു ആവശ്യമാണ്.



ആലയത്തിന്റെ തുണുകളിൽ ചിതൽ കയറി

ആരാധനാലയത്തിന്റെ അകത്തെ തൂണുകൾ ദ്രവിച്ച് വീഴാറായിരിക്കുന്നു. ഞായറാഴ്ച ആരാധനയ്ക്കു പുറമെ ഇവിടെ ധാരാളം കുഞ്ഞുങ്ങൾ ബൈബൾ പഠനത്തിനു കടന്നുവരുന്നുണ്ട്. ആലയത്തിനടുത്തുള്ള തമിഴ്നാട് സർക്കാർ പണിതിരിക്കുന്ന നിർമ്മിതി കോളനിയിൽനിന്നുള്ള വിവിധ മതസ്ഥരായ കുഞ്ഞുങ്ങളാണ് വളരെ താൽപ്പര്യപൂർവ്വം ബൈബിൾ പഠിക്കുവാൻ എത്തുന്നത്. ആരാധനാലയത്തിന്റെ ശോച്യാവസ്ഥ എത്രയുംവേഗം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുകയും നിങ്ങളാലാവത് സാമ്പത്തികമായി സഹായിക്കുകയും ചെയ്യണമെ.

### ആലയനിർമ്മാണത്തിൽ ഒരു കൈത്താങ്ങ്

പാപ്പാകുഡിയിലെ ആരാധനാലയത്തിന്റെ പുന:നിർമ്മാണത്തിനായി സാമ്പത്തികമായി ഒരു പങ്ക് സഹായം താങ്കൾക്കു നൽകുവാൻ ഇടയായാൽ അത് വിശ്വാസികൾക്കും കുഞ്ഞുങ്ങൾക്കും പ്രയാസമില്ലാതെ ഇരുന്നു കർത്താവിനെ ആരാധിക്കുവാൻ എത്രയും വേഗം ഇടയായിത്തീരും. താങ്കൾ വ്യക്തിപരമായോ, കുടുംബമായോ,കൂട്ടായ്മയായോ, സഭയായോ ഇതിൽ പങ്കാളിയാകണമെ.

## ഏബ്രായ അക്ഷരമാലയുടെ ദിവ്യരൂപകല്പന പേജ് 8-ന്റെ ബാക്കി ഭാഗം

ന്നു. ഒരു പദത്തിനു മുമ്പിൽ ഉപസർഗ്ഗമായി ഇത് ചേർത്താൽ ഗതി പ്രയോഗങ്ങളായ 'ൽ' (in),കൂടെ (with),ആൽ (by) അതിനുള്ളിൽ (within) എന്നീ സ്ഥാനങ്ങൾ രൂപം കൊള്ളുന്നു.

യഹോവയിൽ (In the Lord)

''ഞാൻ എന്റെ അധരങ്ങൾ കൊണ്ട് നിന്റെ വായുടെ വിധികളെ ഒക്കെയും വർണ്ണിക്കും'' (സങ്കീ. 119:13) (with my lips- ബിസ്പാത്തി)

''ഞാൻ സർവ്വസമ്പത്തിലും എന്നപോലെ നിന്റെ സാക്ഷ്യങ്ങളുടെ വഴിയിൽ ആനന്ദിക്കുന്നു.'' (സങ്കീ119:14) (ഇൻദറേ- ബെദെറെക്) ബേതിന്റെ വ്യാകരണ ധർമ്മങ്ങൾ അതിന്റെ വാച്യാർത്ഥത്താൽ യാഥാർത്ഥ്യമാക്കുമ്പോൾ ഒരുവീട് (ബെയ്ത്) ഉള്ളിൽ (in) കടക്കാനുള്ള ഒരു പാർപ്പിടമായിത്തീർന്നു.

### ലാമെദ്- ഉപസർഗ്ഗം:

''യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും (ലേ-ഓലാം) സ്ഥിരമായിരിക്കുന്നു ''(സങ്കീ.119:89)

12-ാം അക്ഷരമായ ലാമെക് ചാട്ട അഥവാ തോട്ടി എന്നർത്ഥമുള്ളത്. പ്രാചീനലിപിയായി ഇംഗ്ലീഷിലെ Lപോലെ (ചാർട്ട് 4) തോന്നുന്ന ചിത്രം ഉപയോഗിച്ചിരിക്കുന്നു: ഇടയന്റെ കോൽ എന്നപോലെ ഉപസർഗ്ഗമായി ചേർക്കുമ്പോൾ: വേണ്ടി (for),ലേക്ക് (to) എന്നീ ഗതിപ്രയോഗങ്ങൾ രൂപം കൊള്ളുന്നു.

സങ്കീ.145:2 ''അവൻ നിന്റെ രാജത്വത്തിന്റെ മഹത്വം പ്രസിദ്ധമാക്കി (ലെ-ഹോദിയ) നിന്റെ ശക്തിയെ കുറിച്ച് സംസാരിക്കും''

സങ്കീ.25:11 ''യഹോവേ, എന്റെ

ചാർട്ട് 4

| ל | Lamed KeyWords |
|---|---|
| לָמֶד | Lamed: 12th Letter |
| לָמַד | Lamad: To Teach |

അകൃത്യം വലിയത്; നിന്റെ നാമം നിമിത്തം (ലെ മയൻ- ഷിംകാ) അത് ക്ഷമിക്കണമേ''

ലാമെദ് എന്ന അക്ഷരനാമം മറ്റൊരു സുപ്രധാന സൂത്രപദത്തിലേക്ക് വിരൽ ചൂണ്ടുന്നു. ലാമെദ് എന്നാൽ പഠിപ്പിക്കുക എന്നാണർത്ഥം. ഈ പദത്തിൽ നിന്നുൽഭവിച്ച തൻമൂദ് എന്ന പദം യഹൂദന്മാരുടെ പഠനത്തിന്റെ സംക്ഷിപ്ത രൂപം തന്നെ. ഇവിടെ ത്രിവിധ- സംയോജനം നടക്കുന്നുണ്ട്. ഈ അക്ഷര നാമത്തിന് ചാട്ട അഥവാ തോട്ടി എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. വ്യാകരണ നിയമപ്രകാരമുള്ള ഗതി പ്രയോഗങ്ങളായ -ലേക്ക്(to), വേണ്ടി (for) ഇതുമായി ചേർത്താൽ ഉപസർഗ്ഗമായി ത്തീരുന്നു. ഇതിന്റെ സൂത്രപദം ലാമാദിന്റെ സാരം പട്ടികയിൽ കാണുക.

12-ാം ആരത്തിലെ നിരവധി സുപ്തവിഷയങ്ങളെ നിർവചിക്കുവാൻ ഈസംയോജനം വിസ്മയകരമായി ദൈവം വിനിയോഗിക്കുന്നു. തീത്തോസിന് പൗലോസ് ഇടയലേഖനമെഴുതുമ്പോൾ ഈ ആശയം കൈകാര്യം ചെയ്തിട്ടുണ്ട്. പഠിപ്പിക്കുക, ഗുണദോഷിക്കുക എന്നീ പ്രയോഗങ്ങളാൽ അവിടെ ഉപദേശം നൽകുന്നു.

തുടരും

അടുത്ത ലക്കത്തിൽ
**വാവ്- ഉപസർഗ്ഗപദം.**

എബ്രായ പഠനം സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:
**9995390144**

# ബൈബിൾ ക്വിസ്

പ്രീതി സാജൻ

കഴിഞ്ഞ ലക്കം

## ഉത്തരങ്ങൾ

യെഹെസ്കേൽ

| | | |
|---|---|---|
| 1. | ഭൂമി-ആകാശം മദ്ധ്യേ | 8:3 |
| 2. | വെള്ളിയും പൊന്നിനും | 7:19 |
| 3. | വെറുപ്പായുള്ള ഇഴജാതികളെ... | 8:10 |
| 4. | സന്തോഷത്തിന്റെ | 7:7 |
| 5. | യെരൂശലേമിൽ വടക്കോട്ടുള്ള വാതിൽക്കൽ | 8:3,4 |
| 6. | ഉപദേശവും, ആലോചനയും | 7:26 |
| 7. | എഴുത്തുകാരന്റെ മഷികുപ്പി | 9:2 |
| 8. | നീലകല്ലുപോല...ഒരു രൂപം | 10:1 |
| 9. | എഴുപതുപേർ | 8:11 |
| 10. | യെഹെസ്കേൽ പ്രവാചകൻ | 9:8 |
| 11. | 70 മൂപ്പന്മാരും, യയസന്യാവും | 8:11 |
| 12. | ദൈവത്തിന്റെ മഹത്വം | 9:3,10:18 |
| 13. | വെൺമഴു | 9:2 |
| 14. | ദേഹത്തിലെങ്ങും... | 10:12 |
| 15. | പെലത്യാവ് | 11:13 |
| 16. | കെരൂബുകൾ | 10:3 |
| 17. | ബനായാവിന്റെ | 11:1 |
| 18. | നഗരത്തിന്മേൽ | 10:2 |
| 19. | കാലം നീണ്ടുപോകും ദർശനമൊക്കെയും ഓർക്കാതെപോകും | 12:22 |
| 20. | ബുദ്ധികെട്ട പ്രവാചകന്മാർ | 13:5 |
| 21. | കല്ലായുള്ള | 11:19 |
| 22. | വ്യാജപ്രവാചകന്മാർ- കുമ്മായം പൂശിയ ചുവരിന്റെ | 13:8,14 |
| 23. | മത്സരഗൃഹത്തിന്റെ | 12:2 |
| 24. | വ്യാജപ്രവാചകന്മാരെ | 13:9 |
| 25. | ദേഹികളെ വേട്ടയാടുന്ന സ്ത്രീകളെ | 13:21 |

ഇവിടെ നിന്നും സമ്മാനമായി അയക്കുന്ന പുസ്തകങ്ങൾ തിരികെ വരാതിരിക്കുവാൻ ശരിയായ മേൽവിലാസം ദയവായി അയക്കുക. കവറിലും പേപ്പറിലും വിലാസം എഴുതുക

**എല്ലാ ലക്കവും ശരിയുത്തരം അയക്കുന്നവരിൽ ആറുപേർക്ക് ബൈബിൾ പഠനത്തിനുതകുന്ന പുസ്തകങ്ങൾ ലഭിക്കുന്നതാണ്**

**ബൈബിൾ ക്വിസ് സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:**

**08289816357**

## യെഹെസ്കേൽ അദ്ധ്യായങ്ങൾ: 14–21

1. 'നീ രക്തത്തിൽ കിടക്കുന്നുവെങ്കിലും ജീവിക്കുക' എന്ന് ഏത് ദേശത്തോടാണ് ദൈവം കല്പിച്ചത് ?
2. ഒരു ദേശം ദ്രോഹിച്ച് ദൈവത്തോട് പാപം ചെയ്യുമ്പോൾ ദൈവം ഛേദിച്ചുകളയുന്നത് ആരൊക്കെയാണ്?
3. വലിയ ചിറകും നീണ്ട തൂവലുള്ളതും പലനിറമായ പപ്പു നിറഞ്ഞതുമായ 'ഒരു വലിയ കഴുകൻ' എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?
4. തീക്കിരയാക്കികൊടുത്ത ഏത് വള്ളിയെപ്പോലെ ദൈവം യെരുശലേം നിവാസികളെയും ആക്കും ?
5. ദൈവം ഉയരമുള്ള ഏത് മരത്തിന്റെ ശിഖരം എടുത്താണ് നടുന്നത് ?
6. ജനത്തിന്റെ എന്ത് പ്രവൃത്തി നിമിത്തമാണ് ദൈവം ദേശത്തെ ശൂന്യമാക്കുന്നത് ?
7. ദൈവം ഏത് വൃക്ഷത്തെയാണ് തഴെപ്പിച്ചത് ?
8. യെരൂശലേമിന്റെ ജേഷ്ഠത്തി എന്നു വിശേഷിപ്പിച്ചത് ഏത് ദേശത്തെയാണ് ?
9. നീതിമാൻ മരിക്കുന്നത് അവൻ എന്ത് പ്രവർത്തിക്കുന്നതുമൂലമാണ് ?
10. ദൈവം ദേവദാരുവിന്റെ ശിഖരമെടുത്ത് നടുന്നത് എപ്രകാരമുള്ള പർവ്വതത്തിലാണ് ?
11. ഏത് അധ്യായത്തിലാണ് പ്രവാചകൻ കടങ്കഥ പറഞ്ഞ് ഉപമ പ്രസ്താവിച്ചത് ?
12. യിസ്രായേൽ മൂപ്പന്മാരിൽ ചിലർ യഹോവയോട് അരുളപ്പാട് ചോദിക്കുവാൻ വന്നത് എത്രാമത്തെ ആണ്ടിലാണ് ?
13. യിസ്രായേൽ ജനത്തിന്റെ ഇടയിൽ നിന്നും എറിഞ്ഞുകളയേണ്ടത് എന്താണ് ?
14. യിസ്രായേൽ ഗൃഹം എവിടെ വെച്ചാണ് യഹോവയോട് മത്സരിച്ചത് ?
15. ജാതികൾ ബാലസിംഹത്തെ(രാജാവിനെ) കൊണ്ടുപോയത് ഏത് ദേശത്തേക്കാണ്?
16. ദൈവം മരുഭൂമിയിൽ വച്ച് കൈഉയർത്തി സത്യംചെയ്തുപറഞ്ഞ ഒരു സംഭവം എഴുതുക?
17. മരുഭൂമിയിൽ ഏതു നിലത്താണ് മുന്തിരിവള്ളിയെ നട്ടിരിക്കുന്നത് ?
18. യിസ്രായേൽ ഗൃഹം കാൺകെ എപ്രകാരമൊക്കെ നെടുവീർപ്പിടാനാണ് ദൈവം പ്രവാചകനോട് പറഞ്ഞത്?
19. ദൈവം യിസ്രായേൽ ജനതയെ മിസ്രയിം ദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്നത് എവിടേക്കാണ്?
20. തന്റെ ജനത്തെ ദൈവം ജാതികളുടെ മരുഭൂമിയിലേക്കു കൊണ്ടുചെന്നു അവിടെവച്ച് എപ്രകാരം വ്യവഹരിക്കും?
21. ദൈവം എപ്പോഴാണ് ജാതികൾ കാൺകെ തന്റെ ജനത്തിൽ വിശുദ്ധീകരിക്കപ്പെടുന്നത്?
22. മരത്തേയും കല്ലിനെയും യിസ്രായേൽ ജനം സേവിച്ചാൽ ദൈവം എപ്രകാരമായിരിക്കും അവരെ ഭരിക്കുക?
23. അമ്മോന്യരെ ദൈവം ഏതു ദേശത്തുവെച്ച് ന്യായം വിധിക്കും?
24. 'വാൾ ' എന്തിനെയൊക്കെ നിരസിക്കുന്നു?
25. ഏത് രാജാവാണ് ഇരുവഴിത്തലയ്ക്കൽ പ്രശ്നം നോക്കുവാൻ നിൽക്കുന്നത്?

### വിജയികൾ

തെരഞ്ഞെടുക്കപ്പെട്ട 6 പേരുടെ പേരുകൾ

Bible Quiz

**മെയ് 2017**

**ജെസ്സി.പി.ജേക്കബ്**
സി.എസ്.ഐ - പുതുവൽ
പത്തനാപുരം.പി.ഒ
പത്തനംതിട്ട

**ബേബി സരോജം**
മിസ്പാ
തിരുപുരം.പി.ഒ
തിരുവനന്തപുരം

**ലീലാമ്മ ജോൺ**
തൈക്കൂട്ടത്തിൽ
പുല്ലാട്.പി.ഒ
പത്തനംതിട്ട

**മേരിക്കുട്ടി**
ബഥേൽആശ്രം
കുറ്റപ്പുഴ. പി.ഒ
തിരുവല്ല

**ലിസി ഏബ്രഹാം**
ബഥേൽപീടിക
അങ്ങാടിക്കൽപി.ഒ
ചെങ്ങന്നൂർ

**ആനിസാമുവൽ**
എസ്ആർ കോട്ടേജ്
പുത്തൻവിള
തിരുവനന്തപുരം

**മലയാളം സ്റ്റഡി ബൈബിൾ**

**തുടർച്ചയായി ശരിയുത്തരം അയക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്ന ആറു പേർക്ക് മലയാളം സ്റ്റഡി ബൈബിൾ സമ്മാനമായി ലഭിക്കുന്നതാണ്.**

### ഉത്തരം അയക്കുമ്പോൾ ശ്രദ്ധിക്കുക

ഉത്തരം വേറെ കടലാസ്സിൽ എഴുതി കവറിലോ ഇൻലന്റിൽ എഴുതിയോ അയക്കാവുന്നതാണ്. ദയവായി ഉത്തരം എഴുതിയ പേപ്പർ ഇൻലന്റിനുള്ളിൽ വെച്ച് അയക്കരുത്

നമ്പർ എഴുതിയിട്ട് ഉത്തരം മാത്രം എഴുതുക. ചോദ്യം എഴുതേണ്ടതില്ല.

ഉത്തരത്തോടൊപ്പം ബൈബിൾ വാക്യം ഏതാണെന്നും കാണിച്ചിരിക്കണം.

വിലാസം,ഫോൺ,മൊബൈൽ നമ്പരുകൾ ഉത്തരം അയക്കുന്ന പേപ്പറിൽ വ്യക്തമായി എഴുതിയിരിക്കണം.

കവറിലും മേൽവിലാസം വ്യക്തമായി എഴുതി അയക്കണം.

ഉത്തരങ്ങൾ 2017 **ജൂലൈ 15 – നു മുമ്പ്** അയച്ചു തരിക.

**അയക്കേണ്ട വിലാസം:**

**Flame of Revival,
PB.21, Kuttapuzha.PO,
Tiruvalla 689 103
Kerala State**

**പ്രത്യേകം ശ്രദ്ധിക്കുക:**

ഫ്ളെയിം ഓഫ് റിവൈവലിനുവേണ്ടിയുള്ള വരിസംഖ്യ കത്തുകളോടൊപ്പംവെച്ച് അയക്കരുത്. അവ മണി ഓർഡറായി ഫ്ളെയിം ഓഫ് റിവൈവൽ, പി.ബി.21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല എന്ന പേരിൽ അയക്കുക

## കേരളത്തിലും ബംഗാളിലും തമിഴ്നാട്ടിലും ഉത്തർപ്രദേശിലും സുവിശേഷ പ്രവർത്തനങ്ങൾ

കേരളത്തിൽ കടന്നുവന്നു തൊഴിൽ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കു മദ്ധ്യേയും, ബംഗാൾ,തമിഴ്നാട്,ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും സുവിശേഷ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ കർത്താവ് സഹായിക്കുന്നു. ഈ ശുശ്രൂഷയ്ക്ക് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹായവും ആവശ്യമാണ്.

## നമ്മുടെ മിഷൻ ഫീൽഡുകൾക്കായി പ്രാർത്ഥിക്കുക




## ദൈവമക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ഫ്ളെയിം ഓഫ് റിവൈവലിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി പ്രിന്റിംഗ്, പോസ്റ്റിംഗ് കാര്യങ്ങൾക്കായി എല്ലാ മാസവും സാമ്പത്തികചെലവുകൾ വർദ്ധിക്കുന്നു. വായനക്കാരായ ദൈവമക്കൾ വാർഷിക വരിസംഖ്യകളും സംഭാവനകളും അയച്ചു തരുന്നത് പത്രത്തിന്റെ പ്രസിദ്ധീകരണത്തിന് ഏറെ സഹായകമാകും. വരിസംഖ്യയോ സംഭാവനകളോ മണി ഓർഡറായി അയക്കുകയാണെങ്കിൽ **ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103** എന്ന വിലാസത്തി അയക്കുക. ബാങ്കിലേക്ക് നെഫ്റ്റ്/ആർ.ടി.ജി.എസ് വഴി നേരിട്ടയക്കുന്നതിനായി വിവരങ്ങൾ ഇതോടൊപ്പം നൽകിയിട്ടുണ്ട്. ദൈവമക്കളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നു.

### സംഭാവന ബാങ്കുവഴി അയക്കുകയോ ചെക്കായി അയക്കുകയോ ചെയ്യുമ്പോൾ

അയക്കേണ്ടതായ പേര്: CROWN OF LIFE MINISTRIES

ബാങ്ക്: STATE BANK OF INDIA- (S.B.I)

ബ്രാഞ്ച്: KUTTAPUZHA സ്ഥലം: THIRUVALLA

അക്കൗണ്ട് നമ്പർ: 67083936228 (CURRENT ACCOUNT)

ഇന്റർനെറ്റ് വഴി അയക്കുമ്പോൾ: IFSC Code: SBIN0070309

കൂടുതൽ വിവരങ്ങൾക്ക് **9447472692, 9446115977**

# ബൈബിൾ പഠനം 17

# ഏഴു കാഹളങ്ങൾ

"അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി. അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതൻമാർ നിൽക്കുന്നതു ഞാൻ കണ്ടു. അവർക്കു ഏഴു കാഹളം ലഭിച്ചു."



# വെളിപ്പാട് പുസ്തകം

## അദ്ധ്യായം 8

അനിൽ വർഗ്ഗീസ്

ഏഴാം മുദ്ര അവസാനത്തെ മുദ്രയാണ്. ഈ മുദ്ര പൊട്ടിക്കുമ്പോൾ പുസ്തകം വായിക്കുവാൻ കഴിയുമെങ്കിലും ഇതിനോടനുബന്ധിച്ച് ചില സംഭവപരമ്പരകൾ തന്നെ നടക്കുന്നു.

വാക്യം 1,2 "അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി. അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതൻമാർ നിൽക്കുന്നതു ഞാൻ കണ്ടു. അവർക്കു ഏഴു കാഹളം ലഭിച്ചു."

ഒന്നാമത്തെ സംഭവവികാസം, സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂർ മൗനത ഉണ്ടായി എന്നതാണ്. നിത്യമായ സ്വർഗ്ഗത്തിൽ അരമണിക്കൂർ നേരത്തോളമെന്ന് പരാമർശിച്ചിരിക്കുന്നത് ഭൂമിയിലുള്ള നമുക്ക് ആ സമയത്തിന്റെ ദൈർഘ്യം ഗ്രഹിക്കേണ്ടതിനുവേണ്ടിയിട്ടാണ് . സ്വർഗ്ഗത്തിൽ ദൈവത്തെ രാപ്പകലില്ലാതെ സ്തുതിക്കപ്പെടുമ്പോൾ (വെളി.4:8) ഇങ്ങനെയൊരു മൗനത തുടർന്നു നടക്കുവാൻ പോകുന്ന സംഭവത്തിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു. വീണ്ടും ഇവിടെ കാണുന്നത് പൂർണ്ണതയുടെ സംഖ്യയായ ഏഴു ദൂതന്മാരെയാണ്. അവർക്കു ലഭിച്ച ഏഴു കാഹളം ദൈവിക ന്യായവിധി നടത്തപ്പെടേണ്ടതിനു മുമ്പായി ഊതുവാനാണ്.

വാക്യം 3,4,5 "മറ്റൊരു ദൂതൻ ഒരു സ്വർണ്ണ ധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിന്റെ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകലവിശുദ്ധന്മാരുടേയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനു വളരെ ധൂപവർഗ്ഗം അവനു കൊടുത്തു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽ നിന്നു ദൈവസന്നിധിയിലേക്കു കയറി. ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറച്ചു ഭൂമിയിലേക്ക് എറിഞ്ഞു. ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി."

ഏഴുദൂതന്മാർ കാഹളം ഊതുന്നതിനുമുമ്പ് മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി യാഗപീഠത്തിനുമുമ്പിൽ പ്രത്യക്ഷപ്പെടുന്നു. സമാഗമന കൂടാരത്തിലുള്ള ഹോമയാഗപീഠവും ധൂപപീഠവും ധൂപകലശവുമൊക്കെ (പുറപ്പാട് 30,37 അധ്യായങ്ങൾ) സ്വർഗ്ഗത്തിലും നമുക്ക് ദർശിക്കുവാൻ കഴിയും എന്നാണ് ഈ ഭാഗത്തുനിന്നും ഗ്രഹിക്കേണ്ടത്. ഇവിടെ ദൂതൻ ദൈവസന്നിധിയിലേക്ക് വിശുദ്ധന്മാരുടെ പ്രാർത്ഥന ധൂപവർഗ്ഗത്തിന്റെ പുകയോടെ എത്തിക്കുന്ന ദൗത്യമാണ് ചെയ്യുന്നത്. സങ്കീ.141:2-ൽ ദാവീദ് തന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ ധൂപമായി തീരട്ടെ എന്നു പറഞ്ഞിരിക്കുന്നു. 2 കൊരി. 2:15-ൽ ക്രിസ്തു ദൈവത്തിന്റെ സൗരഭ്യവാസനയാണെന്ന് പൗലോസ് പറയുന്നു. അതിനാൽ ദൈവസന്നിധിയിൽ എത്തുന്ന വിശുദ്ധന്മാരുടെ പ്രാർത്ഥനയോടെ യേശുക്രിസ്തുവിന്റെ നാമമെന്ന ധൂപവർഗ്ഗമായിരിക്കണം ചേർക്കപ്പെടുന്നത്. ഇതിനുശേഷം ദൂതൻ തന്റെ ദൗത്യത്തിന്റെ പൂർത്തീകരണമായി യാഗപീഠത്തിന്റെ കനൽ നിറച്ച ധൂപകലശം ഭൂമിയിലേക്കെറിയുന്നു. ഇതു മുഖാന്തരം ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി.

വാക്യം 6,7. "ഏഴു കാഹളമുള്ള ദൂതന്മാർ എഴുവരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു. ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കൽമഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ട് ഭൂമിയിൽ മൂന്നിലോന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി."

ഏഴു ദൂതന്മാരിൽ ഓരോരുത്തരായി കാഹളം ഊതുവാൻ ഒരുങ്ങിനിന്നു. ഒന്നാമത്തവൻ ഊതി. അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിയിൽ ചൊരിഞ്ഞു. ദൈവം മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനുള്ള നടപടി സ്വീകരിക്കുകയാണ്. മിസ്രയീമിലുണ്ടായ ബാധകളുടെ പുന:രാവർത്തനമാണിത്. വൃക്ഷവും പച്ചപ്പുല്ലും ഉൾപ്പെടെ മൂന്നിലൊന്ന് സസ്യസമ്പത്ത് ഇതിനാൽ നശിക്കപ്പെട്ടു.

വാക്യം 8,9 "രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്ക് എറിഞ്ഞിട്ട് കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി. കപ്പലുകളിൽ മൂന്നിലൊന്നിനു ചേതംവന്നു."

പുറപ്പാട് 7:19-21 വരെയുള്ള വാക്യങ്ങളിൽ മിസ്രയീമിലെ നദികളും പുഴകളും കുളങ്ങളും സകലജലാശയങ്ങളും രക്തമായിത്തീർന്നതിനു സമമായി രണ്ടാമത്തെ ദൂതൻ ഊതുമ്പോൾ തീ കത്തുന്ന ഒരു വന്മല സമുദ്രത്തിലേക്കെറിയപ്പെട്ട് കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്ന് അതിലെ മൂന്നിലൊന്നു ജീവജാലങ്ങൾ ചത്തുപോയി. ഇന്ന് ലോകത്തിലുള്ള കപ്പലുകളുടെ എണ്ണം ഏകദേശം അൻപതിനായിരമാണ്. ദൈവത്തിന്റെ ക്രോധത്തിങ്കൽ മൂന്നിലൊന്നു കപ്പലുകൾക്ക് ചേതം വന്നതായി എഴുതിയിരിക്കുന്നു.

വാക്യം 10,11 "മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരുമാഹാനക്ഷത്രം ആകാശത്തുനിന്നു വീണു. നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിന്മേലും ആയിരുന്നു വീണത്. ആ നക്ഷത്രത്തിനു കാഞ്ഞിരം എന്നു പേർ. വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരംപോലെ ആയി.; വെള്ളം കൈപ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി."

യെര. 9:13-15 വാക്യങ്ങളിൽ ദൈവത്തിന്റെ ന്യായപ്രമാണം ഉപേക്ഷിച്ച് അന്യദൈവങ്ങളെ സേവിക്കുന്നവർക്കുള്ള ദൈവികന്യായവിധിയെപ്പറ്റി പരാമർശിച്ചിട്ടുള്ളതിനു സമമായിട്ടാണ് ഇവിടേയും കാണുന്നത്. മൂന്നാമത്തെ ദൂതൻ ഊതിയപ്പോൾ കാഞ്ഞിരം എന്നുപേരുള്ള ഒരു മഹാനക്ഷത്രം ആകാശത്തുനിന്നും വീണ് ഭൂമിയിലെ മൂന്നിലൊന്നു നദികളും നീരുറവകളും കൈപ്പായിത്തീർന്നു. ഇതു കുടിക്കേണ്ടിവന്ന മനുഷ്യരിൽ പലരും മരിച്ചുപോയി.

വാക്യം 12 "നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിനും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനും ബാധതട്ടി. അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി. രാവുംപകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി."

യെശ.13:9,10, യോവേൽ 2:1,31 എന്നീ വാക്യങ്ങളിലെല്ലാം ദൈവത്തിന്റെ ക്രോധം മുഖാന്തരം സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമൊക്കെയും പ്രകാശം നൽകാത്തവണ്ണം ആയിത്തീരുന്നതായി പറഞ്ഞിരിക്കുന്നു. നാലാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ഇവിടേയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങൾക്കും ബാധ തട്ടി അവയ്ക്ക് മൂന്നിലൊന്നു പ്രകാശമായി കുറഞ്ഞു. സൂര്യന്റെ അസ്തമയ സമയത്തുള്ള ചെറിയവെളിച്ചംപോലെയുള്ള പകലും കൂരിരുട്ടിന്റെ രാത്രിയുമായിരിക്കും ഇതു മുഖാന്തരമുണ്ടാകുന്നത്.

വാ.13 "അനന്തരം ഒരു കഴുകു: ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്ക് കഷ്ടം,കഷ്ടം,കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ട് ആകാശമധ്യേ പറക്കുന്നതു ഞാൻ കാൺകയും കേൾക്കുകയും ചെയ്തു"

സങ്കീർത്തനം 119:91-ൽ "സർവ്വസൃഷ്ടികളും ദൈവത്തിന്റെ ദാസന്മാരല്ലോ" എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ ഒരു കഴുകാണ് വിളംബര ദൗത്യം ചെയ്യുന്നത്. തുടർന്നു വരുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം മുഖാന്തരം ഭൂവാസികൾക്കു വരുവാനുള്ള കഷ്ടത്തിന്റെ കാഠിന്യമാണ് കഷ്ടം,കഷ്ടം,കഷ്ടം എന്നു മൂന്നുവട്ടം ആവർത്തിച്ച് എഴുതിയതിലൂടെ വെളിവാകുന്നത്. പ്രവാചകൻ ഇതു കാണുകയും കേൾക്കുകയും ചെയ്ത് സാക്ഷ്യപ്പെടുത്തുന്നു.

തുടരും

## വിലാസം മാറുമ്പോൾ അറിയിക്കുക

ഫ്ളെയിം ഓഫ് റിവൈവൽ പോസ്റ്റൽ/കൊരിയർ മാർഗം ലഭിക്കുന്നവർ തങ്ങളുടെ വിലാസത്തിൽ മാറ്റം ഉണ്ടാകുമ്പോൾ ദയവായി വിവരം അറിയിക്കണമെ. എല്ലാ മാസവും ഇവിടെ നിന്നും ഫ്ളെയിം പോസ്റ്റ് ചെയ്യുന്നുണ്ട്. എന്നാൽ പത്രം എല്ലാ മാസവും ലഭിക്കുന്നില്ലാ എങ്കിൽ പോസ്റ്റ് ഓഫീസിൽ തിരക്കുന്നതോടൊപ്പം ഓഫീസിൽ വിവരം അറിയിക്കുമല്ലോ. വാർഷിക വരിസംഖ്യ നൂറുരൂപ മണിയോർഡറായി അയക്കാവുന്നതാണ്.

ഫോൺ: **0469 2741694, 9447104670, 9447105072**

ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103

## For Urgent Prayer Call Us

09447958442, 09446755390, 0469 2741694


യെരൂശലേമിന്റെ ജൂബിലിയോടനുബന്ധിച്ചിട്ടുള്ള പംക്തികൾ കൊടുത്തിട്ടുള്ളതിനാൽ ഭക്തസിംഗിന്റെ ജീവചരിത്രം ഈ ലക്കത്തിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല.

എഡിറ്റർ

# News വാർത്തകൾ



# യേശുക്രിസ്തു വേഗം വരുന്നു !



‘‘ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക’’
എബ്രായർ 12:28

## കേരളത്തിൽ പനി–പകർച്ചവ്യാധി വ്യാപിക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് പനിയും പകർച്ചവ്യാധിയും വ്യാപിച്ചവരെക്കൊണ്ട് ആശുപത്രികൾ നിറയുന്നു. ഈ വർഷം ജൂൺ 15 വരെ 101 പേരാണ് ഇതേതുടർന്ന് മരണമടഞ്ഞത്. ഇവർക്കുപുറമെ 74 പേരുടെ മരണം നടന്നതും പകർച്ചവ്യാധി മൂലമാണെന്ന് സംശയിക്കുന്നു. ജനുവരി മുതൽ സംസ്ഥാനത്തു 11.26 ലക്ഷം പേർക്കാണ് പനി ബാധിച്ചത്.

## സൗദി പൊതുമാപ്പ്: ഒരുലക്ഷംപേർ രാജ്യംവിട്ടു

റിയാദ്: സൗദിഅറേബ്യയിൽ മാർച്ച് 29-നു ആരംഭിച്ച പൊതുമാപ്പിൽ ജൂൺ പകുതിയോടെ ഒരു ലക്ഷം വിദേശതൊഴിലാളികളാണ് രാജ്യം വിട്ടുപോയത്. പൊതുമാപ്പ് കഴിയുന്നതോടെ എല്ലാ പ്രവിശ്യകളിലും പരിശോധന വ്യാപിപ്പിക്കുമെന്ന് ഗവൺമെന്റ് റിപ്പോർട്ട് പറയുന്നു.

## ആറുമാസം: 64 ഹർത്താലുകൾ

കേരളത്തിൽ 2017 ജൂൺ പകുതിയാകുമ്പോൾ നടന്ന ഹർത്താലുകളുടെ എണ്ണം 64 ആണ്. ഇതിൽ ഭൂരിഭാഗവും പ്രാദേശിക ഹർത്താലുകൾ ആയിരുന്നു. സർക്കാരിന്റെ മദ്യനയത്തിനെതിരെ നിരവധി ഹർത്താലുകൾ ഈ കാലയളവിൽ നടക്കുകയുണ്ടായി. നിരവധി ഹർത്താലുകളിൽ പൊതുജനങ്ങൾ സംയുക്തമായി നടത്തിയതായിരുന്നു.

## രാജ്യസമാചാരം പത്രത്തിന് 170 വയസ്സ്


ഹെർമൻഗുണ്ടർട്ട്

മലയാളത്തിലെ കടിഞ്ഞൂൽ പത്രമായ രാജ്യസമാചാരം പുറത്തിറങ്ങിയിട്ട് 170 വയസ് ജൂണിൽ പൂർത്തിയാകും. കൈകൊണ്ടെഴുതി കല്ലച്ചിൽ മഷിപുരട്ടി അടിച്ചെടുക്കുന്ന അച്ചടി വിദ്യയിലൂടെ 1847 ജൂൺമാസത്തിലാണ് മലയാളഭാഷയുടെ ആദ്യപത്രമായ രാജ്യസമാചാരം ജർമ്മൻ മിഷനറിയായ ഹെർമൻ ഗുണ്ടർട്ട് പുറത്തിറക്കുന്നത്. ചർച്ച് മിഷനറി സൊസൈറ്റിയുടെ മിഷനറിയായ ബഞ്ചമിൻ ബെയ്‌ലിയാണ് ഗുണ്ടർട്ടിനെ അച്ചടി വിദ്യപഠിപ്പിച്ചത്.

# പ്രാർത്ഥനാ സമ്മേളനം

### ജൂലൈ 4–ന് തിരുവല്ല ഷാരോൺ ചർച്ചിൽ

കൊറ്റാമം: രാജ്യത്തിന്റെ വിവിധ വിഷയങ്ങൾക്കായി സംയുക്തമായി പ്രാർത്ഥിക്കുന്ന യുണൈറ്റഡ് ക്രിസ്ത്യൻ പ്രെയർ ഫോർ ഇൻഡ്യയുടെ (യു.സി.പി.ഐ)നേതൃത്വത്തിൽ ഒരു പ്രാർത്ഥനാ സമ്മേളനം തിരുവല്ല ടൗണിലുള്ള ശാരോൺ ഫെലോഷിപ്പ് ചർച്ച് ഹോളിൽ 2017 ജൂലൈ 4 ചൊവ്വാഴ്ച നടത്തപ്പെടും. രാജ്യത്തിന്റെ ഭരണനേതൃത്വത്തിനും ആനുകാലികമായി രാജ്യം നേരിടുന്ന വിവിധ വിഷയങ്ങൾക്കും ക്രൈസ്തവ സഭയുടെ ആത്മിക ഉണർവ്വിനുവേണ്ടിയും നടത്തപ്പെടുന്ന പ്രാർത്ഥനയിൽ സഭാശുശ്രൂഷകന്മാർ, വിമൺ ലീഡേഴ്സ്, യൂത്ത് ലീഡേഴ്സ്, പ്രെയർ കോ-ഓർഡിനേറ്റേഴ്സ് എന്നിവർ പങ്കെടുക്കും. കഴിഞ്ഞ ചിലവർഷങ്ങളായി രാജ്യവ്യാപകമായി ക്രൈസ്തവസഭ ഒത്തൊരുമിച്ചുള്ള ഒരു പ്രാർത്ഥനാ മുന്നേറ്റമാണ് യു.സി.പി.ഐ. ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ ഈ പ്രാർത്ഥനാമുന്നേറ്റം ശക്തമായിക്കൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: 9446476680, 9447258232

# “ ഞങ്ങൾ നിങ്ങൾക്കൊപ്പം ”

## ക്രൈസ്തവരോട് യിസ്രായേൽ പ്രസിഡന്റ്


റ്യൂവെൻ റിവ്‌ലിൻ

ക്രൈസ്തവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ യിസ്രായേൽ പ്രസിഡന്റ് റ്യൂവെൻ റിവ്‌ലിന്റെ രൂക്ഷ വിമർശനം. ‘മനുഷ്യത്വത്തിന്മേലുള്ള കറ’ എന്നാണ് അദ്ദേഹം ക്രൈസ്തവ പീഢനങ്ങളെ വിശേഷിപ്പിച്ചത്. ക്രൈസ്തവ സഭാമേലധ്യക്ഷന്മാരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇങ്ങനെ പ്രതികരിച്ചത്. ഈയിടെ ഈജിപ്തിൽ ക്രൈസ്തവർക്കുനേരെയുണ്ടായ ഭീകരാക്രമണവും ഐഎസ് സിറിയയിൽ ക്രൈസ്തവർക്കെതിരെ നടത്തുന്ന അക്രമങ്ങളും ചൂണ്ടിക്കാട്ടികൊണ്ട്, യിസ്രായേൽ ക്രൈസ്തവരെ സംരക്ഷിക്കുന്നത് തുടരുമെന്നും അദ്ദേഹം പറഞ്ഞു. ‘‘യെരൂശലേമിലുള്ള ഞങ്ങളുടെ ക്രൈസ്തവ സഹോദരങ്ങളെ, ഈ വിഷമഘട്ടത്തിൽ ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ട്. സിറിയയിൽനിന്നുള്ള എല്ലാ ചിത്രങ്ങളും ഞങ്ങൾ കാണുന്നുണ്ട്. സിറിയയിൽനിന്നും മുറിവേറ്റവരെ ശുശ്രൂഷിക്കുന്ന ചില യിസ്രായേൽ ആശുപത്രികൾ ഞാൻ സന്ദർശിച്ചു. ക്രൈസ്തവർക്കെതിരെ രാജ്യത്തുടനീളം നടക്കുന്ന ഈ സംഭവങ്ങൾ മനുഷ്യത്വത്തിന്മേലുള്ള കറയാണ് ’’ പ്രസിഡന്റ് പറഞ്ഞു. ക്രൈസ്തവർക്കുള്ള യിസ്രായേലിന്റെ കൈത്താങ്ങലിനു സഭാദ്ധ്യക്ഷന്മാർ നന്ദി പറഞ്ഞു. ക്രൈസ്തവ-ജൂതാ ബന്ധം ഈ നാളുകളിൽ ശക്തമാകുന്നുണ്ട്.




# വെനസുലയിലെ ജൂതർ യിസ്രായേലിൽ


വെനസുലിയിൽനിന്നും യിസ്രായേലിൽ വന്നിറങ്ങുന്ന ജൂതർ

വർധിച്ചുവരുന്ന ജൂതാവിരോധവും പ്രാദേശിക വിഷയങ്ങളും നിമിത്തം വെനസുലയിലെ ജൂതർ ഒന്നടങ്കം യിസ്രായേലിലേക്കു മടങ്ങുകയാണ്. 2017-മെയ് മാസം 42 വെനസുലിയൻ ജൂതർ അലിയയായി യിസ്രായേലിലെത്തുകയുണ്ടായി. കഴിഞ്ഞ വർഷം വന്നവരുടെ എണ്ണം 80 ആണ്. ഇന്റർ നാഷണൽ ഫെലോഷിപ്പ് ഓഫ് ക്രിസ്ത്യൻ ആന്റ് ജ്യൂസിന്റെ (ഐ.എഫ്.സി.ജെ) നേതൃത്വത്തിലാണ് വെനസുലയിലെ ജൂതർ യിസ്രായേലിൽ എത്തിക്കൊണ്ടിരിക്കുന്നത്. യിസ്രായേലിലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചായിരുന്നു 42 ജൂതർ ഈ വർഷം സ്വന്തം നാട്ടിലേക്ക് എത്തിച്ചേർന്നത്. പതിനേഴാം നൂറ്റാണ്ട് മുതലാണ് വെനസുലയിൽ യെഹൂദന്മാരുടെ സാന്നിദ്ധ്യം കടന്നുവരുന്നത്. രണ്ടായിരാമാണ്ടിൽ ജൂതരുടെ സംഖ്യ അവിടെ 30,000 ആയിരുന്നു. എന്നാൽ ഇന്നത് 6000-8000 ആയി ചുരുങ്ങിയിരിക്കുകയാണ്. 1999-നു ശേഷമാണ് കൂടുതലും ജൂതർ വെനസുല വിട്ടുപോകുവാൻ തുടങ്ങിയത്. വർഷങ്ങൾക്കപ്പുറം ഭൂമിവാങ്ങിപാർത്ത അവരുടെ പിതാക്കന്മാരുടെ സ്വത്തുക്കളും വീടും കൈമാറ്റം ചെയ്യുന്നതിന് ജൂതന്മാർക്ക് നിയമപരമായി ഏറെ ക്ലേശകരമാണ്. ഇക്കാരണത്താൽ അലിയയ്ക്കു തയ്യാറായിരിക്കുന്ന ജൂതർ ഏറെ ആശങ്കയിലാണ്. പ്രാർത്ഥിക്കുക.

“സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു”. സെഖര്യാവ് 4:6